**Evelyn Reed 1954**

# The Myth of Women's Inferiority

**Source**: *Fourth International*, vol.15 No.2, Spring 1954, pp.58-66;
**Public Domain**: this text is free of copyright;
**Transcribed**: by Daniel Gaido;
**Proofed**: and corrected by Chris Clayton.
**Translated**: Maya Leela

## Introduction by the translator

സമൂഹത്തിൽ ഇന്ന് സ്ത്രീയുടെ നിലനിൽപ്പ് അധീനതയിൽ തളയ്ക്കപ്പെട്ടതാണ്. മർദ്ദിത അവസ്ഥയാണ് സ്ത്രീയുടെ ജീവിതത്തിൻറെ മുഖമുദ്ര. അങ്ങേയറ്റം പുരോഗമിച്ച സമൂഹങ്ങൾ മുതൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന രാഷ്ട്രങ്ങളിൽ വരെ, എല്ലാ സംസ്കാരങ്ങളിലും സ്ത്രീയുടെ ജീവിതം പുരുഷാധിപത്യ വ്യവസ്ഥിതിയിൽ കഠോരമാണ്. അളവിലും രീതിയിലും വ്യതിയാനങ്ങൾ ഉണ്ടെന്നതൊഴിച്ചാൽ ലിംഗസമത്വം ഇന്നും സ്ത്രീയ്ക്ക് അന്യമായ ഒരു കിട്ടാക്കനിയായി നിൽക്കുന്നു. പലപ്പോഴും, സമൂഹം ഉയർത്തുന്ന ഒരു വാദമാണ് പുരുഷൻ നൈസർഗ്ഗികമായി സ്ത്രീയെക്കാളും മുകളിലാണ് എന്നത്. പ്രകൃതി ജീവശാസ്ത്രപരമായി പുരുഷനെ കൂടുതൽ കഴിവുകളാൽ  പോഷിപ്പിച്ചിരിക്കുന്നു എന്ന മിഥ്യാധാരണ വളരെ ആഴത്തിൽ വേരോട്ടുന്ന ഒന്നാണ്. നാഗരികതയുടെ വളർച്ചയിൽ, നാടോടി ഗോത്ര വിഭാഗങ്ങളിൽ നിന്ന് കർഷകരെന്ന സ്ഥായീ സമൂഹം വളർന്ന്, വ്യവസായവത്കരണത്തിൽ ഉരുത്തിരിഞ്ഞ് ഇന്ന് കാണുന്ന പുരോഗമന സമൂഹത്തിൽ എത്തി നിൽക്കുന്ന യാത്രയിൽ എവിടെവച്ചാണ് സ്ത്രീയുടെ സ്ഥാനം പുരുഷനെക്കാളും താഴെയാണ് എന്ന് പുരുഷാധിപത്യം വരുത്തി തീർത്തത് എന്ന് എവെലീൻ റീഡ് എന്ന എഴുത്തുകാരിയിലൂടെ കാണാം.

എവെലീൻ റീഡ് ഒരു അമേരിക്കൻ കമ്മ്യൂണിസ്റ്റ് പ്രവർത്തകയായിരുന്നു. നരവംശശാസ്ത്രത്തിൽ രണ്ടു ദശകങ്ങളോളം നീണ്ട, ആഴത്തിലുള്ള ഗവേഷണം  നടത്തിയതിനു ശേഷം റീഡ് എഴുതിയ ഒട്ടനവധി പുസ്തകങ്ങളും ലേഖനങ്ങളും സ്ത്രീയുടെ പരിണാമവും സമൂഹത്തിൽ സംഭവിച്ച അധപതനവും വ്യക്തമായി വെളിച്ചത്ത് കൊണ്ടുവരുന്നവയാണ്. 1954 ൽ പ്രസിദ്ധീകരിച്ച "സ്ത്രീയുടെ അധീനത എന്ന മിഥ്യ" എന്ന ലേഖനത്തിൻറെ മലയാളം പരിഭാഷ അവതരിപ്പിക്കുന്നതിലൂടെ പുരുഷൻ ആണ് മനുഷ്യരിൽ ഉന്നതൻ എന്ന അബദ്ധധാരണ എങ്ങനെ രൂപപ്പെട്ടു എന്നും, എന്നാൽ ശരിയായ വസ്തുതകൾ എന്തൊക്കെ ആണെന്നും വായനക്കാർക്ക് പരിചയപ്പെടുത്തുന്നു.

---

“വർഗ്ഗാധിഷ്ഠിത സമൂഹത്തിൻറെയും മുതലാളിത്തത്തിന്റെയും പ്രകടമായ ഒരു സ്വഭാവമാണ് ലിംഗ അസമത്വം. മനുഷ്യ ജീവിതത്തിൻറെ രാഷ്ട്രീയ-സാമ്പത്തിക-സാംസ്കാരിക-ബൌദ്ധീക മേഖലകളുടെ അധികാരികൾ പുരുഷന്മാരാണ്, അതേസമയം സ്ത്രീകൾക്ക് ആജ്ഞാനുവർത്തികളും വിധേയകളും ആയ വേഷങ്ങൾ ആണ്. സ്ത്രീകൾ അടുക്കള വിട്ട് പുറത്തേയ്ക്ക് ഇറങ്ങി പുരുഷൻറെ കുത്തകാവകാശങ്ങളെ ചോദ്യം ചെയ്യാൻ തുടങ്ങിയിട്ട് അധിക കാലം ആകുന്നില്ല. ഇപ്പോഴും അടിസ്ഥാനപരമായ അസമത്വം അങ്ങനെ തന്നെ നിലനിൽക്കുന്നു.

സ്ത്രീ-പുരുഷ ലിംഗ അസമത്വം വർഗ്ഗാധിഷ്ഠിത സമൂഹത്തിൻറെ മുഖമുദ്രയായി ആയിരക്കണക്കിന് വർഷങ്ങൾ മുൻപുള്ള സമൂഹത്തിൻറെ പ്രാരംഭദശ മുതൽക്കേ അടയാളപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യവത്കൃത അടിമത്തം, ജന്മിത്ത സമ്പ്രദായം, മുതലാളിത്തം എന്നിങ്ങനെ സമൂഹം കടന്നു വന്ന മൂന്ന് പ്രധാന ഘട്ടങ്ങളിലും ഈ അസമത്വം നിലനിന്നു. ഇതേ കാരണത്താൽ, പുരുഷ മേധാവിത്വം എന്നത് വർഗ്ഗാധിഷ്ഠിത സമൂഹത്തിൻറെ വിശേഷ ലക്ഷണമായി. സ്വകാര്യസ്വത്ത്സമ്പാദന വ്യവസ്ഥിതി, ഭരണകൂടം, മതം, കുടുംബം എന്നീ വ്യവസ്ഥിതികൾ ഈ മേധാവിത്വത്തെ ഉയർത്തിപ്പിടിക്കുകയും നിലനിർത്തുകയും ചെയ്തു. ചരിത്രപരമായ ഈ സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ പുരുഷന്റെ മേധാവിത്വത്തെ കുറിച്ച് തെറ്റായ വാദങ്ങൾ പ്രചരിക്കുന്നുണ്ട്.

സാമൂഹ്യപരമായി പുരുഷന്മാർ മേധാവികൾ ആകുന്നത് അവർ ജൈവീകമായി ശ്രേഷ്ഠർ ആയതുകൊണ്ടാണ് എന്ന വാദം തകർക്കാൻ കഴിയാത്ത ഒരു സ്വയംപ്രമാണം ആയി മുന്നോട്ട് വയ്ക്കുന്നു. ഈ കെട്ടുകഥ പ്രകാരം പുരുഷ മേധാവിത്വം ചരിത്രത്തിന്റെ ഒരു ഘട്ടത്തിൽ സംഭവിച്ച വെറും സാമൂഹ്യമായ സ്വഭാവമല്ല മറിച്ച് അതൊരു പ്രകൃതി നിയമം ആണ്. ശാരീരികവും മാനസികവുമായ കഴിവുകൾ കൂടുതൽ പുരുഷന്മാരിൽ വർഷിച്ച് പ്രകൃതി അവരെ അങ്ങനെയാണ് സൃഷ്ടിച്ചതെന്നും ഈ തെറ്റായ വീക്ഷണകോണിലൂടെ വാദിക്കപ്പെടുന്നു. ഈ വാദത്തെ സാധൂകരിക്കാൻ ഇതേ തലത്തിൽ മറ്റൊരു കെട്ടുകഥ സ്ത്രീകളെ പറ്റി പ്രചരിച്ചിട്ടുണ്ട്. സ്ത്രീകൾ പ്രകൃത്യാ താണഗുണങ്ങൾ ഉള്ളവർ ആയതുകൊണ്ടാണ് അവർ സമൂഹത്തിലും താഴ്ന്ന് പോയതെന്ന സ്വയംപ്രമാണം. ഇതിനുള്ള തെളിവ്? സ്ത്രീകൾ ആണ് അമ്മയാകുന്നത്. പ്രകൃതി സ്ത്രീയെ രണ്ടാംകിട സ്ഥാനം കൊടുത്ത് ദണ്ഡിച്ചിരിക്കുന്നു എന്നാണ് വാദം. പ്രകൃതിയുടെയും സമൂഹത്തിന്റെയും ചരിത്രത്തെ കൃത്രിമമായി മാറ്റി മറിക്കുകയാണ് ഈ വാദങ്ങൾ ചെയ്യുന്നത്.
പുരുഷന്മാർ അവരുടെ സാമൂഹ്യ മേധാവിത്വം സ്ഥാപിച്ചത് സ്ത്രീകളുടെ നേർക്കുള്ള കലഹങ്ങൾ വഴിയും പിടിച്ചടക്കൽ വഴിയുമാണ്. പക്ഷെ ഈ ലിംഗാധിഷ്ഠിത കലഹങ്ങൾ പൊതുവായ ഒരു സാമൂഹ്യ കലഹത്തിന്റെ ഭാഗമായിരുന്നു – പ്രാകൃത സമൂഹത്തെ വർഗ്ഗാധിഷ്ഠിത സമൂഹം അട്ടിമറിച്ച എന്ന സാമൂഹ്യ പരിവർത്തനം. ഒട്ടനവധി വിവേചനങ്ങളും അസമത്വങ്ങളും അടിച്ചമർത്തലുകളും മറ്റും കൊണ്ടുവരികയും അതിനെ പരിപോഷിപ്പിക്കുകയും ചെയ്ത ഒരു സാമൂഹ്യ വ്യവസ്ഥിയുടെ ഫലമായാണ് സ്ത്രീകൾ സമൂഹത്തിൽ രണ്ടാം കിടക്കാരായി താഴ്ത്തപ്പെട്ടത്. പക്ഷേ സമൂഹത്തിന്റെ ഈ ചരിത്രം സ്ത്രീ നൈസർഗ്ഗികമായി അബലയാണെന്ന കള്ളത്തരത്താൽ മറയ്ക്കപ്പെട്ടിരിക്കുന്നു. പ്രകൃതിയല്ല, വർഗ്ഗാധിഷ്ഠിത സമൂഹമാണ് സ്ത്രീയെ സമൂഹത്തിന്റെ മുഖ്യധാരയിൽ പങ്കെടുക്കാൻ ഉള്ള അവളുടെ അവകാശം അവളിൽ നിന്ന് മോഷ്ടിച്ചെടുത്തത്, അവളെ ജൈവീകമായ മാതൃത്വം എന്ന പ്രവർത്തിയിൽ മാത്രം ഒതുക്കി കളഞ്ഞത്.

ഈ മോഷണം നിലനിർത്തിയത് രണ്ടുമടങ്ങുള്ള  ഒരു കെട്ടുകഥയിൽ കൂടെയാണ്. ഒരു വശത്ത് മാതൃത്വത്തെ സ്ത്രീയുടെ ലൈംഗീക അവയവങ്ങളിൽ നിന്നുള്ള ഒരു ജൈവീക രോഗാതുരമായ അവസ്ഥ എന്ന് പ്രതിഫലിപ്പിച്ചു കാണിക്കുകയും, ഈ നികൃഷ്ടമായ ഭൗതീകവാദത്തിനു പുറമേ  മാതൃത്വം എന്നത് എന്തോ നിഗൂഢമായ ഒന്നാണ് എന്നും ചിത്രീകരിക്കുകയും ചെയ്യുന്നു.

തങ്ങൾക്ക് മേൽ അടിച്ചേൽപ്പിക്കപ്പെട്ട രണ്ടാം കിട സ്ഥാനത്തിന് ഉള്ള സമാശ്വാസം ആയി 'മാതൃത്വത്തെ' ദൈവീകമായി വാഴ്ത്തുന്നു. അമ്മമാർക്ക് ദിവ്യപരിവേഷങ്ങൾ നൽകി, പ്രത്യേക അന്തർജ്ഞാനം ഉള്ളവരെന്നു ഉയർത്തുകയും, പുരുഷന് മനസ്സിലാകാത്ത കഴിവുകളും വിചാരങ്ങളും വികാരങ്ങളും അമ്മമാർക്കുണ്ട് എന്ന് അപദാനം പാടുകയും ചെയ്യുന്നു.  ഇത്തരത്തിലെ വിശുദ്ധയാക്കലും  യാഥാർത്ഥ്യത്തിൽ ഉള്ള താഴ്ത്തിക്കെട്ടലും സ്ത്രീയ്ക്ക് വർഗ്ഗാധിഷ്ഠിത സമൂഹത്തിൽ ഉള്ള രണ്ടാംകിട സ്ഥാനം എന്ന നാണയത്തിന്റെ രണ്ടു വശങ്ങൾ മാത്രമാണ്.

വർഗ്ഗാധിഷ്ഠിത സമൂഹം എന്നും നിലനിന്നിരുന്ന ഒന്നല്ല. കുറച്ചായിരം വർഷങ്ങളുടെ പഴക്കം മാത്രമേ അതിനുള്ളൂ. പുരുഷന്മാർ എന്നും ആധിപത്യം ഉള്ളവരായിരുന്നില്ല, കാരണം വ്യാവസായിക, സാംസ്കാരിക ബൌദ്ധീക നേതാക്കന്മാർ എന്നും ഉണ്ടായിരുന്നില്ല. ഇതിനു കടകവിരുദ്ധമായി, സ്ത്രീ വാഴ്ത്തപ്പെടുകയോ അടിച്ചമർത്തപ്പെടുകയോ ചെയ്യാത്ത പ്രാകൃത സമൂഹത്തിൽ, സ്ത്രീകൾ ആയിരുന്നു സാംസ്കാരിക സാമൂഹിക നേതാക്കൾ.

പ്രാകൃത സമൂഹങ്ങൾ ഒരു താവഴിയായാണ് നിലനിന്നത്, പേര് കുറിക്കുന്നത് പോലെ, അതിൽ സ്ത്രീകൾ ആണ് നേതാക്കന്മാരും സംഘാടകരും ആയിരുന്നത്, പുരുഷന്മാരല്ല.

പക്ഷെ ഈ രണ്ടു സാമൂഹ്യവ്യവസ്ഥിതിയും തമ്മിലുള്ള അന്തരം കേവലം നേതൃസ്ഥാന വച്ചുമാറലിനും അതീതമായുള്ളതാണ്. പ്രാകൃത സമൂഹങ്ങളിൽ സ്ത്രീയുടെ നേതൃസ്ഥാനം പുരുഷനെ അടിച്ചമർത്തിക്കൊണ്ട് നിലനിന്ന/ രൂപം കൊണ്ട ഒന്നല്ല. പ്രാകൃത സമൂഹത്തിന് യാതൊരു തരത്തിലുള്ള ലിംഗ അസമത്വവും വിവേചനവും അധീനതയും അറിവിൽ തന്നെ ഉണ്ടായിരുന്നില്ല. പ്രാകൃത സമൂഹം സമ്പൂർണ്ണമായും തുല്യതയിൽ വിഹരിച്ചിരുന്നു . വാസ്തവത്തിൽ സ്ത്രീയുടെ നേതൃത്വം കൊണ്ടാണ് പുരുഷന്മാരുടെ ജീവിതത്തിൽ സാംസ്കാരികമായും സാമൂഹ്യമായും മുൻഗതി ഉണ്ടായത് തന്നെ. പ്രാകൃത സമൂഹത്തിൽ മാതൃത്വം എന്നത് ഒരിക്കലും രോഗാതുരമായ ഒരവസ്ഥയോ അധീനതയുടെ ചിഹ്നമോ ആയിരുന്നില്ല പകരം പ്രകൃതിയുടെ ഒരു വലിയ ദാനമായി കരുതിയിരുന്നു. സ്ത്രീകളിൽ മാതൃത്വം അധികാരവും അന്തസ്സും നിലനിർത്തി, തക്കതായ കാരണങ്ങൾ കൊണ്ട് തന്നെ.

മനുഷ്യരാശി ജന്തുലോകത്ത് നിന്ന് ഉയര്ന്നു വന്നതാണ്. പ്രകൃതി മനുഷ്യരിലെ ഒരു ലിംഗത്തിനു മാത്രമാണ് മാതൃത്വത്തിനു വേണ്ട അവയവങ്ങളും ചുമതലയും നല്കിയത്. ജീവശാസ്ത്രപരമായ ഈ ദാനമാണ് മനുഷ്യരാശിയുടെ പ്രകൃതിയുമായുള്ള കണ്ണിയായി പ്രവർത്തിക്കുന്നത് എന്ന് റോബർട്ട് ബ്രിഫോൾട്ട് അദ്ദേഹത്തിൻറെ “അമ്മമാർ" എന്ന പുസ്തകത്തിൽ വിശദീകരിക്കുന്നു [Robert Briffault, *The Mothers: A Study of The Origins of Sentiments and Institutions*, New York: The Macmillan, 1927, 3 vols.] മനുഷ്യ വംശത്തിലെ സ്ത്രീ ലിംഗത്തിനാണ് കുഞ്ഞുങ്ങളെ സംരക്ഷിക്കാനും, പരിചരിക്കാനും, പാലൂട്ടാനും ഉള്ള കരുതലും ഉത്തരവാദിത്തവും കിട്ടിയത്.

പക്ഷേ, മാർക്സും എംഗൽസും അഭിപ്രായപ്പെട്ടത് എല്ലാ സമൂഹങ്ങളും, ചരിത്രത്തിലേതും വർത്തമാനത്തിലേതും, അദ്ധ്വാനത്തിന്റെ പുറത്താണ് സ്ഥാപിക്കപ്പെട്ടത് എന്നാണ്. അതുകൊണ്ട് തന്നെ വെറും പ്രസവിക്കാനുള്ള കഴിവല്ല സ്ത്രീയ്ക്ക് മുഖ്യ സ്ഥാനം നൽകിയത്. അങ്ങനെ എങ്കിൽ ജന്തുലോകത്തെ പല സ്ത്രീലിംഗഅംഗങ്ങളും പ്രസവം നടത്തുന്നുണ്ട്. മനുഷ്യ രാശിയ്ക്ക് പ്രധാനമായത് എന്താണെന്നാൽ, മാതൃത്വം അദ്ധ്വാനത്തിന് വഴിവെച്ചു എന്ന വസ്തുതയാണ് – ഈ കൂട്ടായ്മയുടെ, മാതൃത്വവും അധ്വാനവും എന്നതിന്റെ കൂടിച്ചേരലിൽ ആണ് ആദ്യത്തെ മനുഷ്യ സമൂഹം സ്ഥാപിക്കപ്പെട്ടത്.

അമ്മമാരാണ് അദ്ധ്വാനത്തിന്റെ പാതയിലേയ്ക്ക് ആദ്യം കയറിയത്, അതേ പ്രവർത്തികൊണ്ട് മനുഷ്യത്വത്തെ അവർ മുന്നോട്ടു നയിച്ചു. പ്രധാന ഉത്പാദകർ അമ്മമായിരുന്നു, അവർ കർഷകരും തൊഴിലാളികളും ആയി , അവർ തന്നെയാണ് സാമൂഹ്യ, ബൌദ്ധീക, സാംസ്കാരിക നേതാക്കൾ ആയതും. അവരിതൊക്കെ ആയതിന് പ്രധാന കാരണം മാതൃത്വം ആയിരുന്നു താനും. തുടക്കത്തിൽ മാതൃത്വം അദ്ധ്വാനത്തിൽ ലയിച്ചിരുന്നു. ഈ ലയനം ഇന്നും പ്രാകൃത മനുഷ്യരുടെ ഭാഷയിൽ പ്രതിഫലിക്കുന്നു, അമ്മ എന്ന വാക്കിന് ഉത്പാദനം എന്ന വാക്കുമായി തുല്യത്യയുണ്ട്. ഇതിനാൽ ഒരിക്കലും സ്ത്രീകൾ പ്രകൃത്യാ ഉള്ള ശ്രേഷ്ഠ വിഭാഗം ആണെന്ന് വരുത്തി തീർക്കുന്നില്ല. പുല്ലിംഗവും സ്ത്രീലിംഗവും സ്വാഭാവിക പരിണാമം വഴി ഉരുത്തിരിഞ്ഞതാണ്, ഓരോ വിഭാഗവും സുപ്രധാനവും തള്ളിക്കളയാൻ ആകാത്തതും ആയ കടമകൾ നിർവഹിച്ചിട്ടുണ്ട്. എന്നിരിക്കിലും ഇന്ന് പുരുഷനെ അളക്കുന്ന അതേ അളവുകോൽ വെച്ച് ഇന്നലത്തെ സ്ത്രീയെ അളക്കുകയാണെങ്കിൽ – സമൂഹത്തിലെ നേതൃസ്ഥാനം– എങ്കിൽ പുരുഷന്മാർക്കും വളരെ മുൻപേ സ്ത്രീകൾ ആയിരുന്നു സമൂഹത്തിന്റെ നേതാക്കൾ എന്ന പറയേണ്ടി വരും, അതും ഒരുപാട് കാലത്തേയ്ക്ക് അവരാ വേഷം നിലനിർത്തി എന്നും. ഈ ലേഖനത്തിന്റെ ഉദ്ദേശ്യം വർഗ്ഗാധിഷ്ഠിത സമൂഹം സൃഷ്ടിച്ച സ്ത്രീയുടെ താണ പദവി എന്ന കെട്ടുകഥയെ എന്നന്നേക്കും ആയി ഇല്ലാതാക്കുക എന്നതാണ്.

അതിലേയ്ക്കുള്ള ഏറ്റവും കൃത്യമായ മാർഗ്ഗം, പ്രാകൃത സമൂഹത്തിലെ സ്ത്രീയുടെ അദ്ധ്വാനത്തിന്റെ വിശദാംശങ്ങൾ പരിശോധിച്ച് ഒന്നൊന്നായി വെളിച്ചത്ത് വരുത്തിക്കൊണ്ടാണ്.



HUNTING SCENE

Stone Age Painting

### ഭക്ഷണം ശേഖരിക്കുന്നതിന്റെയും സംഭരിക്കുന്നതിന്റെയും നിയന്ത്രണാധികാരം

ഏതൊരു സമൂഹത്തിന്റെയും സുപ്രധാന ആശങ്ക ഭക്ഷണത്തിനു വേണ്ടിയുള്ള തിരച്ചിൽ ആണ്. മറ്റൊരു തരത്തിലുള്ള ഉദ്യോഗങ്ങളും മനുഷ്യർക്ക് വിശന്നിരുന്നു കൊണ്ട് സാധ്യമാവുകയില്ല. മറ്റു ജന്തുജാലങ്ങൾ ദൈനം ദിന ഭക്ഷണത്തിന് മാത്രമായി വേട്ടയാടി ജീവിച്ചാൽ മതിയെങ്കിൽ, മനുഷ്യന് അതല്ല അവസ്ഥ. മനുഷ്യരാശി പുരോഗമിക്കുകയും മുന്നോട്ടു നടക്കുകയും വേണമെങ്കിൽ ഒരളവ് വരെ ഭക്ഷണത്തിന്റെ ലഭ്യതയുടെ മേൽ നിയന്ത്രണം വേണ്ടത് ആവശ്യമായിരുന്നു. നിയന്ത്രണം എന്നാൽ ഇന്നത്തേയ്ക്ക് വേണ്ട മുഴുവൻ ഭക്ഷണവും എന്നത് മാത്രമല്ല, നാളത്തേയ്ക്ക് വേണ്ട മിച്ചം പിടിക്കലും ശേഖരിച്ചവ പിന്നത്തേയ്ക്കായി സൂക്ഷിച്ചു വയ്ക്കാനും ഉള്ള കഴിവുകളും ഉൾപ്പെടുന്ന നിയന്ത്രണാധികാരം.

ഈ ആവശ്യത്തെ അടിസ്ഥാനമാക്കി കൊണ്ട് മനുഷ്യന്റെ ചരിത്രത്തെ രണ്ട് യുഗങ്ങളായി തിരിക്കാം; ഭക്ഷണം-ശേഖരിക്കൽ യുഗം; നൂറായിരം വർഷങ്ങൾ നീണ്ടതായിരുന്നു അത്, പിന്നെ ഭക്ഷണം-ഉത്പാദിപ്പിക്കൽ യുഗം; ഒരു 8,000-10,000 വർഷങ്ങൾക്ക് മുൻപ് കൃഷിയുടെയും കന്നുകാലി വളർത്തലിന്റെയും ആരംഭത്തോടെ തുടങ്ങിയത്.

ഭക്ഷണം-ശേഖരിക്കൽ യുഗത്തിൽ അധ്വാനം വിഭജിച്ചത് പുരുഷനും സ്ത്രീയ്ക്കും വെവ്വേറെ എന്ന രീതിയിൽ ലിംഗാധിഷ്ഠിതം ആയിട്ടാണ് (കുട്ടികളും പ്രാപ്തരാവുന്ന കാലം മുതൽക്ക് ഇത് പാലിച്ചു പോന്നു). ഭക്ഷണം ശേഖരിക്കുന്ന രീതിയിലേയും തരത്തിലേയും വ്യത്യാസങ്ങളിൽ ഊന്നിയതായിരുന്നു ലിംഗാധിഷ്ഠിതമായ ഈ വേർതിരിവ്. പുരുഷന്മാർ നായാട്ടുകാർ ആയിരുന്നു- ഒരു മുഴുവൻ സമയ ജോലി, അവരെ അത് വാസസ്ഥലങ്ങളിൽ നിന്നും ദൂരേയ്ക്ക് വിവിധ കാലാവധികളിൽ അകറ്റി നിർത്തി. സ്ത്രീകൾ പച്ചക്കറികളും കിഴങ്ങുകളും മറ്റും ശേഖരിച്ച് വാസസ്ഥലങ്ങളുടെ അരികിൽ തന്നെയായി ജോലികൾ എടുത്തു പോന്നു.

ഇവിടെ മനസ്സിലാക്കേണ്ട ഒരു വസ്തുത എന്തെന്നാൽ, ലോകത്തിലെ ചില സ്ഥലങ്ങളിൽ ചില പ്രത്യേക ചരിത്ര ഘട്ടങ്ങളിൽ അല്ലാതെ, മറ്റെല്ലാ കാലത്തും ഏറ്റവും വിശ്വാസയോഗ്യമായ ഭക്ഷണ ലഭ്യത പച്ചക്കറികളിൽ നിന്നായിരുന്നു (സ്ത്രീകൾ ശേഖരിച്ചിരുന്നത്) മാംസം ആയിരുന്നില്ല (പുരുഷൻ നായാടി കൊണ്ടുവരേണ്ടിയിരുന്നത്).

Otis Tufton Mason എഴുതിയത്:
"മനുഷ്യ ഗോത്രങ്ങൾ എവിടെയൊക്കെ ചെന്നെത്തിയിട്ടുണ്ടോ അവിടെയൊക്കെ സ്ത്രീകൾ തിരിച്ചറിഞ്ഞിട്ടുണ്ട്, ഭക്ഷണത്തിന്റെ സ്ഥായിയ ഉത്പാദനം തങ്ങളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത് എന്ന്. പോളിനേഷ്യയിൽ അത് റ്റെയർ ധാന്യങ്ങളും കടച്ചക്കയും ആയിരുന്നു. ആഫ്രിക്കയിൽ കപ്പയും പനയും ചെമ്പും ചാമയും, യൂറോപ്പിൽ ധാന്യങ്ങൾ, ഏഷ്യയിൽ അരി, അമേരിക്കയിൽ ചോളവും, ഉരുളക്കിഴങ്ങും, ഓക്കിന്റെ കായയും മറ്റുമായിരുന്നു". (*Woman's Share in Primitive Culture*.)

Alexander Goldenweiser ഉം ഇതേ വാദം മുന്നോട്ട് വയ്ക്കുന്നുണ്ട്:
"ഗോത്രങ്ങളുടെ ഈ ആവശ്യം ഏറ്റവും കൃത്യമായി ആശ്രയിച്ചിരുന്നത് വാസസ്ഥലത്തിന്റെ അതിരുകൾക്കുള്ളിൽ നിന്നിരുന്ന സ്ത്രീകൾ ആയിരുന്നു, അലഞ്ഞു നായാടി നടന്ന പുരുഷന്മാർ ആയിരുന്നില്ല. നായാട്ടിനായി വളരെ അലഞ്ഞു നടന്നു ക്ഷീണിച്ച വെറും കയ്യോടെ മടങ്ങുന്ന പുരുഷൻ ഭക്ഷണത്തിനായി വീടുകളിലേയ്ക്ക് കൈ നീട്ടുന്ന ദൃശ്യം വളരെ പതിവായി കാണാൻ കിട്ടുന്ന ഒന്നായിരുന്നു പ്രാകൃത ഗോത്രങ്ങളിൽ. അത്തരം സന്ദർഭങ്ങളിൽ വീടുകളിലെ പച്ചക്കറിയുടെ ലഭ്യതയാണ് അവന്റെ വിശപ്പ് ശമിപ്പിച്ചിരുന്നത്". (*Anthropology*.)
അങ്ങനെ ഏറ്റവും വിശ്വാസയോഗ്യമായി ആശ്രയിക്കാൻ പറ്റിയ ഭക്ഷണത്തിന്റെ സ്രോതസ്സ് സ്ത്രീകൾ ആയിരുന്നു, പുരുഷന്മാർ ആയിരുന്നില്ല.

പക്ഷെ സ്ത്രീകളും നായാട്ട് നടത്തിയിരുന്നു – ചെറുതും വേഗത കുറഞ്ഞതുമായ നായാട്ടുകൾ. കിഴങ്ങുകളും, ചെടികളും വേരുകളും മറ്റും കുഴിച്ചും മാന്തിയും എടുക്കുന്ന കൂട്ടത്തിൽ അവർ ചെറിയ പുഴുക്കൾ, പല്ലികൾ, ചെറുപ്രാണികൾ, കല്ലുമ്മക്കായകൾ, മുയൽ, മുതലായ ചെറിയ ജന്തുക്കളേയും കൈക്കലാക്കിയിരുന്നു. നിർണ്ണായക പ്രാധാന്യമുള്ള പ്രവർത്തികൾ ആയിരുന്നു ഇവ. മിക്കവാറും ഉള്ള ഈ ചെറിയ ജന്തുക്കളെ ജീവനോടെ ആണ് താവളങ്ങിലേയ്ക്ക് കൊണ്ടുവന്നിരുന്നത്, ഈ ജന്തുക്കൾ ആണ് മനുഷ്യന് ആദ്യമായി മൃഗങ്ങളെ ഇണക്കുന്നതിനും വളർത്തു മൃഗങ്ങൾ ആയി മെരുക്കുന്നതിനും ഉള്ള പരിചയവും അനുഭവവും നൽകിയത്. അങ്ങനെ സ്ത്രീകളുടെ കൈകളിൽ ആണ് ഏറ്റവും ആദ്യമായി മൃഗങ്ങളെ മെരുക്കുകയും വളർത്തുകയും ചെയ്യുന്ന പ്രധാന തന്ത്രങ്ങൾ ഒക്കെ ഉടലെടുത്തത്, അതാണ് വിപുലീകരിച്ച കന്നുകാലി വളർത്തൽ ആയി പരിണമിച്ചത്. ഈ ഗൃഹവാസ പരിശീലനത്തിന് മാതൃത്വവുമായി അഭേദ്യമായ ബന്ധമുണ്ട്. ഇതിന്മേൽ Mason എഴുതുന്നു:
"നിസ്സഹായരായ ശിശുക്കളെ കൈക്കൊള്ളുന്നതാണ് ലളിതമായ ആദ്യത്തെ ഇണക്കലും വളർത്തലും. ആടിന്റെയോ പശുവിന്റെയോ കുട്ടിയെ നായാട്ടുകാരന്റെ തമ്പിലേയ്ക്ക് കൊണ്ടുവരുന്നു. അതിനെ പാലൂട്ടുകയും വളർത്തുകയും ചെയ്യുന്നു അവിടെയുള്ള അമ്മമാർ. എണ്ണമറ്റ പ്രമാണങ്ങൾ നൽകാൻ സാധിക്കും അമ്മമാർ വന്യ മൃഗങ്ങളെ ഇത്തരത്തിൽ ഇണക്കി കൂട്ടിലാക്കിയതിന്.... പാലും കമ്പിളി രോമങ്ങളും തരുന്ന മൃഗങ്ങളുമായി സ്ത്രീകൾ എന്നും കൂടിച്ചേർന്നിരുന്നു എന്ന് കാണാൻ കഴിയും" (*Ibid.*)

അങ്ങനെ സ്ത്രീകൾ ഭക്ഷണം ശേഖരിക്കുന്ന പ്രവർത്തിയുടെ ഒരു വശം വളർത്തുമൃഗങ്ങളുടെ ആരംഭവുമായി ബന്ധപ്പെട്ട് ഇരിക്കുന്നു എങ്കിൽ മറ്റൊരു വശം കൃഷിയുടെ കണ്ടുപിടിത്തവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭക്ഷണം മണ്ണിനടിയിൽ നിന്നും കുഴിച്ചെടുക്കാൻ സ്ത്രീകൾ ഉപയോഗിച്ച കുഴിയ്ക്കുന്ന-വടികൾ ആണ് മനുഷ്യരാശിയുടെ ആദ്യത്തെ ആയുധങ്ങളിൽ ഒന്ന്. ഇന്നീക്കാലം വരേയ്ക്കും ലോകത്തിലെ പല പ്രാകൃത ഗോത്രങ്ങളിലും ഈ കുഴിയ്ക്കുന്ന-വടി സ്ത്രീയുടെ വേർപിരിയാൻ ആകാത്ത ഭാഗമായി വർത്തിക്കുന്നു. Nevada യിലേയും Wyoming ലേയും Shoshone എന്നീ അമേരിക്കൻ തദ്ദേശീയ ഗോത്രവിഭാഗക്കാരെ ആദ്യമായി കണ്ടുമുട്ടുമ്പോൾ വെള്ളക്കാർ അവരെ "കുഴിയ്ക്കുന്നവർ" എന്നാണു വിളിച്ചത്, കാരണം അവർ അന്നും ഭക്ഷണത്തിനായി ആ രീതിയാണ് പിന്തുടർന്ന് പോന്നത്.

ചുരുക്കത്തിൽ സ്ത്രീയുടെ അധ്വാനത്തിനാണ് പ്രാകൃത സമൂഹത്തെ വിശപ്പിൽ നിന്നും പിടിച്ചു നിർത്താൻ കഴിഞ്ഞത്. സ്ത്രീയുടെ അധ്വാനം ശാശ്വതമായതും വിശ്വാസയോഗ്യമായതും ആശ്രയിക്കാൻ കഴിയുന്നതുമായ ഭക്ഷണ സ്രോതസ്സ് ആയിരുന്നു. ഭക്ഷണത്തിനായി അധികമൊന്നും ദൂരെ അലഞ്ഞു നടക്കാതെ ചെറിയ ചെറിയ മൃഗങ്ങളെ കൈക്കലാക്കി തമ്പുകളിൽ കൊണ്ടുവന്ന് പാർപ്പിക്കുക വഴി മൃഗങ്ങളെ ഇണക്കിവളർത്തൽ എന്ന ഒഴിച്ചുകൂടാനാവാത്ത പ്രതിഭാസത്തിനും സ്ത്രീകൾ തുടക്കം കുറിച്ചു. കായികമായി അധ്വാനം ഏറെ വേണ്ടി വന്നിരുന്ന നായാട്ടിനായി പുരുഷൻ കാട്ടുകളിൽ അലഞ്ഞു നടക്കുമ്പോൾ സ്ത്രീകൾ അവരുടെ ഭക്ഷണം ശേഖരിക്കുകയും ജീവിതം മെച്ചപ്പെടുത്തുന്ന പുതിയ തന്ത്രങ്ങൾ കണ്ടെത്തുകയും ചെയ്യുകയായിരുന്നു.



## കുഴിക്കുന്ന ദണ്ഡ്

അങ്ങനെ ഈ കുഴിക്കുന്ന ദണ്ഡിൻറെ പ്രവർത്തനമാണ് കൃഷിയുടെ കണ്ടുപിടിത്തത്തിലെക്ക് നയിച്ചത്. സർ ജെയിംസ് ഫ്രേസർ ഈ പദ്ധതിയുടെ ആദ്യകാല ഘട്ടങ്ങളെ കുറിച്ച് വളരെ നല്ല ഒരു വിശദീകരണം തരുന്നുണ്ട്. സെൻട്രൽ വിക്ടോറിയ എന്ന ഓസ്ട്രേലിയയിലെ ആദിമവാസികളെ ഉദാഹരണമായി എടുത്തു കൊണ്ട് അദ്ദേഹം എഴുതുന്നു: "വേരുകൾ കുഴിച്ചെടുക്കാൻ അവർ ഉപയോഗിച്ചിരുന്നത് ഏഴോ എട്ടോ അടി നീളമുള്ള ഒരു വടിയാണ്. അതിന്റെ അറ്റം തീയിൽ ചുട്ടു കനം വെപ്പിച്ചതും കൂർത്തതും ആയിരുന്നു. ഇതേ വടി അവരുടെ പ്രതിരോധത്തിനും സ്വയരക്ഷയ്ക്കും വേണ്ടി അവർ ഉപയോഗിച്ചിരുന്നു. ഇവിടെ നമ്മുക്ക് കുഴിക്കലിൽ നിന്നും വികസിച്ച് വ്യവസ്ഥാപിതമായ ഭൂമി കിളയ്ക്കൽ പ്രക്രിയയിലെയ്ക്ക് എത്തുന്നതിന്റെ ചില ചുവടുകൾ കാണാൻ കഴിയും.

ഈ നീണ്ട വടി നിലത്തേയ്ക്ക് ആഞ്ഞു കുത്തും, ശേഷം അവിടെ ഇളക്കി മണ്ണിന് അയവു വരുത്തും. അയഞ്ഞ മണ്ണ് ഇടതു കൈ കൊണ്ട് തോണ്ടി കളയും , ഇങ്ങനെ അവർക്ക് വേഗതയിൽ കുഴികളെടുക്കാൻ കഴിഞ്ഞു. അഭിനന്ദാർഹമായ അധ്വാനം ആയിരുന്നു ഇത്. അര ഇഞ്ച് വിസ്തതി ഉള്ള ഒരു ചെറിയ കിഴങ്ങ് നടാൻ ഒരു ചതുരശ്ര അടി വലിപ്പത്തിലും രണ്ടടി താഴ്ച്ചയിലും ഉള്ള ഒരു കുഴി എടുക്കണമായിരുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും നല്ലൊരു ശതമാനം സമയം ഇങ്ങനെ ഉപയോഗപ്പെട്ടു.
ഫലഭൂയിഷ്ഠമായ പ്രദേശങ്ങളിൽ, ചെറിയ കിഴങ്ങുകൾ തഴച്ചു വളർന്ന ഇടത്ത്, ഭൂമി ചിലപ്പോഴൊക്കെ ഈ വടി കൊണ്ട് കുഴിച്ച് ഒരു അരിപ്പ പോലെ ആയിത്തീർന്നിരുന്നു. വേരുകളും കിഴങ്ങുകളും തേടിയുള്ള ഈ കുഴിക്കൽ വഴിവെച്ചത് ഭൂമി കിളയ്ക്കപ്പെട്ടതിനും വിളകൾ കൂടുന്നതിലും ആയിരുന്നു. ഇതേ ഫലം തന്നെയാണ് ഈ വടി ഉപയോഗിച്ച് തിനകളുടെ പതിര് തിരിക്കൽ നടത്തിയപ്പോഴും ഉണ്ടായത്. കാറ്റിൽ പറന്നു നടന്ന ചില വിത്തുകൾ അകലങ്ങളിലേയ്ക്കും ഫലങ്ങൾ തരുന്ന സസ്യങ്ങളെ എത്തിച്ചു." (*The Golden Bough*.)

ഇതേ സമയത്ത് തന്നെ സ്ത്രീകൾ വിളകളെ സൂക്ഷിക്കാനും കള പറിച്ചു കളയാനും പൂന്തോട്ടങ്ങൾ പരിപാലിക്കാനും തുടങ്ങിയിരുന്നു. അവസാനം അവർ വിത്ത് വിതയ്ക്കാനും അത് മുളച്ചു വരുന്നതുവരെ കാത്തിരുന്നു വിളവെടുക്കാനും പഠിച്ചു. ഇതിനെ പറ്റി A.S. Dimond എഴുതുന്നു:
"ഭക്ഷണം ശേഖരിക്കുന്നവരിൽ ചിലർ കിഴങ്ങ് കഴിക്കാൻ എടുത്തിട്ടു അതിൻറെ കമ്പ് വീണ്ടും മണ്ണിൽ കുഴിച്ചിട്ടാൽ അത് വീണ്ടും വളരും എന്ന് കണ്ടെത്തി. ഈ തന്ത്രം പഠിച്ചവർ അത് മറ്റു ചെടികളിലും പരീക്ഷിച്ചു വിജയിപ്പിച്ചു. ഇങ്ങനെ ഉള്ള വിളവെടുപ്പിൽ ആവശ്യത്തിനുള്ള അത്രയും കിട്ടിയിരുന്നു എന്ന് മാത്രമല്ല പതുക്കെ അവയുടെ ഗുണവും മെച്ചപ്പെട്ടു". (*The Evolution of Law and Order*.)

ഇങ്ങനെ എണ്ണവും ഗുണവും മെച്ചപ്പെടുക മാത്രമല്ല പുതിയ ഇനം ചെടികളും പച്ചക്കറികളും ഉണ്ടായി വരുകയും ചെയ്തു. Chapple & Coon എന്നിവരുടെ അഭിപ്രായത്തിൽ:
"നട്ടുവളർത്തലിലെ തിരഞ്ഞെടുപ്പുകൾ വഴി പുതിയ ഒരുപാടിനം സസ്യങ്ങൾ നിലവിൽ വന്നു, അവ മാതൃസസ്യങ്ങളിൽ നിന്നും തികച്ചും വ്യത്യാസപ്പെട്ടതും ഗുണമുള്ളതും ആയിരുന്നു. മെലനെഷ്യയിൽ മനുഷ്യർ ആറടി നീളവും ഒരടി വീതിയും ഉള്ള കിഴങ്ങുകൾ ഉണ്ടാക്കി. ആദ്യമായി കണ്ടെടുത്തവയ്ക്ക് ഒരു സിഗാറിൻറെ വലിപ്പമേ ഉണ്ടായിരുന്നുള്ളൂ എന്നോർക്കണം". (*Principles of Anthropology*.)

കൃഷിയിൽ ഏറ്റെടുക്കപ്പെട്ട പ്രധാന ചുവടുകൾ ഏതൊക്കെ എന്ന് Mason വിവരിക്കുന്നു:
"പ്രാകൃത കൃഷിരൂപത്തിന്റെ പരിണാമം ആദ്യം പച്ചക്കറികൾ തേടുന്നതിൽ ആയിരുന്നു, പിന്നീട് അവയുള്ള സ്ഥലങ്ങളിലേയ്ക്ക് താമസം മാറുന്നതിലെയ്ക്കും, പിന്നെ കള പറിക്കുന്നതിലേയ്ക്കും, വിത്ത് വിതയ്ക്കുന്നതിലേയ്ക്കും, കൈ കൊണ്ട് നിലമൊരുക്കി കൃഷി ചെയ്യുന്നതിലേയ്ക്കും അവസാനം വളർത്തു മൃഗങ്ങളെ ഉപയോഗിക്കുന്നതിലെയ്ക്കും എത്തിച്ചേർന്നു". (*Op. cit.*)
"എന്തെങ്കിലും പ്രാധാന്യം ഉള്ള സസ്യങ്ങളും, എല്ലാ ഭക്ഷ്യ യോഗ്യമായ സസ്യങ്ങളും, പരുത്തി, ചണ മുതലായവയും കണ്ടുപിടിച്ചത് നാഗരികതയ്ക്കും മുൻപുള്ള കാലത്തെ സ്ത്രീകൾ ആയിരുന്നു; Gordon Childe, *What Happened in History*.

കൃഷിയുടെയും വളർത്തുമൃഗങ്ങളെ ഇണക്കി എടുക്കുന്നതിന്റെയും കണ്ടുപിടിത്തത്തിലൂടെ ആണ് മനുഷ്യരാശി ഭക്ഷണം-ശേഖരിക്കൽ യുഗത്തിൽ നിന്നും ഭക്ഷണം-ഉത്പാദിപ്പിക്കുന്ന യുഗത്തിലേക്ക് എത്തിച്ചേർന്നത്. ഭക്ഷണ സംഭരണത്തിന്റെ മേൽ മനുഷ്യൻ നടത്തിയ ആദ്യ വിജയം ആണ് ഈ സംയുക്തത പ്രതിനിധീകരിക്കുന്നത്. ഈ വിജയം സാധ്യമാക്കിയത് സ്ത്രീകൾ ആണ്. ആണിനും നാൽക്കാലികൾക്കും ഒരുപോലെ ഭക്ഷണം എത്തിച്ച മഹത്തായ കാർഷിക വിപ്ലവം ആണ് സ്ത്രീയുടെ കുഴിക്കുന്ന ദണ്ഡ് കൊണ്ടുള്ള അധ്വാനത്തിൻറെ ശ്രേഷ്ഠമായ നേട്ടം. പക്ഷേ ഭക്ഷണ ശേഖരണത്തിന്റെ മേൽ നിയന്ത്രണം കൈയ്യിലെടുക്കുക എന്നാൽ പ്രകൃതിയുടെ മേലും വിളകളുടെ ഫലഭൂയിഷ്ഠിയുടെ മേലും ആശ്രയിച്ചിരുന്നാൽ മാത്രം പോരായിരുന്നു. ഇതിനു വേണ്ടിയിരുന്നത് സ്ത്രീ അവളുടെ സ്വന്തം അധ്വാനത്തിന്റെ മേൽ ആശ്രയിക്കുക എന്നതായിരുന്നു, അറിവ് നേടാനുള്ള അവളുടെ ത്വരയും കഴിവുകളുടെ മേലുള്ള വിശ്വാസവും നവീകരണ-നൂതനാവിഷ്കാരത്തിനും ഉള്ള പ്രാപ്തികളുടെ മേലുള്ള സ്വാശ്രയും ആണ്. ഓരോ സസ്യ വർഗ്ഗത്തിനും വേണ്ടുന്ന തരത്തിലെ കാർഷിക രീതികൾ അവൾ കണ്ടുപിടിക്കണമായിരുന്നു. വിതയ്ക്കാനും കൊയ്യാനും മെതിക്കാനും പാറ്റാനും ഉള്ള തന്ത്രങ്ങൾ അവൾ സ്വയം മെനഞ്ഞെടുക്കണമായിരുന്നു. അരയ്ക്കാനും പൊടിയ്ക്കാനും ഉള്ള ആയുധങ്ങൾ, ശേഖരിക്കുന്നവ കെട്ടി വയ്ക്കാനും സൂക്ഷിക്കാനും വേണ്ട സാമഗ്രഹികൾ ഇടങ്ങൾ എന്നിവ കണ്ടുപിടിക്കണമായിരുന്നു, ശേഖരിച്ചവ പിന്നീട് ഭക്ഷണ രൂപത്തിൽ ആക്കാനുള്ള വഴികളും സ്വായത്തമാക്കണമായിരുന്നു.
മറ്റൊരു രീതിയിൽ പറഞ്ഞാൽ ഭക്ഷണ ശേഖരണത്തിന്റെ നിയന്ത്രണത്തിനായുള്ള യത്നം കൃഷിയുടെ കണ്ടുപിടിത്തം മാത്രമല്ല സാധ്യമാക്കിയത്, മറിച്ച് ഉത്പാദനത്തിന്റെയും ശാസ്ത്രത്തിന്റെയും ആദ്യ പടികൾക്ക് ആണ്. Mason എഴുതിയത് പോലെ:
"സ്ത്രീയുടെ വ്യാവസായിക ജീവിതം മുഴുവൻ ഭക്ഷണ ശേഖരണത്തിന് ചുറ്റമാണ് പടുത്തുയർത്തത്. കാൽനട യാത്രയിൽ തുടങ്ങി, അവശ്യ സാധനങ്ങൾ സംഹരിക്കുന്നതിൽ നിന്നും ഭക്ഷണം പാകം ചെയ്യുന്നത് വരെ വ്യാപരത്തിന്റെതായ തുടർച്ച ഉള്ളതും പ്രകൃതിദത്തവുമായ ഒരു രേഖയുണ്ട്". (*Op. cit.*)

## വ്യവസായം, ശാസ്ത്രം, ആരോഗ്യം  എന്നീ രംഗങ്ങളിലെ സ്ത്രീ

മനുഷ്യലിംഗഭേദങ്ങൾക്കിടയിൽ ആദ്യമായി നിലവിൽ വന്ന തൊഴിൽ വിഭജനം മിക്കവാറുംതന്നെ ലളിതമാക്കപ്പെട്ട, എന്നാൽ തെറ്റിദ്ധാരണാജനകമായ ഒരു ഫോർമുലയായാണ വിശദീകരിക്കപ്പെടുന്നത്. അതിൻപ്രകാരം പുരുഷൻ വേട്ടക്കാരനും പോരാളിയും, സ്ത്രീ താമസസ്ഥലങ്ങളിൽ കഴിഞ്ഞുകൊണ്ട് കുട്ടികളെ വളർത്തുകയും  പാചകവും മറ്റെല്ലാ ജോലികളും ചെയ്യുന്ന അബലയുമാണ്. ആധുനികകാലത്തെ വീടിന്റെതന്നെ ലളിതമായ ഒരു പതിപ്പാണ ആദിമകാലത്തെ വീട് എന്ന ആശയമാണ ഈ നിർവചനം മുന്നോട്ട് വയ്ക്കുന്നത്. സമൂഹത്തിന്റെ ആവശ്യങ്ങളെല്ലാം പുരുഷൻ സാധിച്ചുകൊടുക്കുന്നുവെന്നും സ്ത്രീ അടുക്കളയിലും നഴ്സറികളിലുമായി സമയം കളയുന്നുവെന്നും ധാരണ ഉണ്ടാക്കിയെടുത്തു. സത്യത്തെ മുഴുവനായി വളച്ചൊടിക്കുന്ന ഒരു കാഴ്ചപ്പാടാണത്.

ആദിമസമൂഹത്തിന്റെ വ്യാവസായികജീവിതം മുഴുവനായും കൈയ്യാളിയിരുന്നത് സ്ത്രീയായിരുന്നു എന്ന ലളിതമായ കാരണത്താൽ ഭക്ഷ്യസംഭരണത്തിലെ തൊഴിൽ വിഭജനത്തിനപ്പുറം ഉല്പാദനത്തിന്റെ ഉന്നതതരമായ ഒരു രൂപത്തിലും ലിംഗപരമായ തൊഴിൽ വിഭജനം  നിലവിലിരുന്നില്ല. ഉദാഹരണത്തിനു പാചകം എന്നത് ആധുനികഗൃഹപരിസരങ്ങളിൽ നാം മനസ്സിലാക്കുന്ന രീതിയിലുള്ള ഒരു പ്രവൃത്തിയായിരുന്നില്ല. അഗ്നിയുടെ കണ്ടുപിടിത്തവും അതിന്മേൽ കൃത്യമായ നിയന്ത്രണവും നേടുക വഴി സ്ത്രീ ആർജിച്ചെടുത്ത ഒരു സാങ്കേതികത മാത്രമായിരുന്നു അത്.

## തീയുടെ ഉപയോഗങ്ങൾ

പ്രകൃതിയിലെ എല്ലാ ജന്തുക്കളും തീയെ ഭയപ്പെടുകയും അതിൽ നിന്ന് ഒളിച്ചോടുകയും ചെയ്യുന്നു. തീയുടെ കണ്ടുപിടിത്തം ഏകദേശം അര കോടി വർഷങ്ങൾക്ക്  മുൻപാണ്. ഈ മഹത്തായ കീഴ്പ്പെടുത്തലിനെ പറ്റി Gordon Childe എഴുതുന്നത്:

“തീയുടെ മേൽ നേടിയ നിയന്ത്രണശക്തി കൊണ്ട് മനുഷ്യൻ നിയന്ത്രിച്ചത് പ്രകൃതിയുടെ ബലവത്തായ ഒരു ഭൌതീക ശക്തിയേയും സുവ്യക്തമായ ഒരു രസതന്ത്ര പ്രവർത്തനവുമാണ്.  ചരിത്രത്തിൽ ആദ്യമായി പ്രകൃതിയുടെ ഒരു നിർമ്മിതി തന്നെ പ്രകൃതിയുടെ ഒരു ശക്തിയെ നിയന്ത്രിക്കുകയായിരുന്നു. അധികാരത്തിന്റെ അനുഷ്ഠാനം അധികാരിയുടെ മേൽ പ്രതിപ്രവർത്തിക്കണം... തീയുടെ നിയന്ത്രണം കൊണ്ട് മനുഷ്യൻ അവനെയും മനുഷ്യരാശിയേയും മെനയുകയുയായിരുന്നു, മറ്റുള്ള ജന്തുജാലങ്ങളുടെ സ്വഭാവങ്ങളിൽ നിന്നും വേറിട്ട് സ്വയം അവനവനെ കണ്ടെത്തുകയായിരുന്നു.” (*Man Makes Himself*)

പാചകം ചെയ്യാനുള്ള അടിസ്ഥാന തന്ത്രങ്ങൾ – പൊള്ളിക്കുന്നത്, പൊരിക്കുന്നത്, തിളപ്പിക്കുന്നത്, ആവിയെടുപ്പിക്കുന്നത്, വേവിക്കുന്നത്, വറുക്കുന്നത് – എല്ലാംതന്നെ വികസിപ്പിച്ചത് സ്ത്രീകളായിരുന്നു. ഈ സാങ്കേതികതകൾ എല്ലാം നേരിട്ട് തീയുമായി ഇടപെടുന്നതിൽ കൂടെയും പരീക്ഷണങ്ങൾ നടത്തുന്നത് വഴിയുമായാണ് കണ്ടുപിടിക്കപ്പെട്ടത്. ഈ പരീക്ഷണങ്ങളുടെ ഫലമായാണ് ഭക്ഷണം ഭാവിയിലേക്ക് വേണ്ടി കരുതി വയ്ക്കാനുള്ള വഴികളും സ്ത്രീകൾ കണ്ടെത്തിയത്. തീയും ചൂടും ഏൽപ്പിച്ച് പച്ചക്കറികളും മാംസവും ഉണക്കി പിന്നീട് ഉപയോഗിക്കാൻ പാകപ്പെടുത്തി വയ്ക്കാൻ തുടങ്ങി സ്ത്രീകൾ.

എന്നാൽ അഗ്നി ഇതിലും കൂടുതൽ തലങ്ങളെ പ്രതിനിധീകരിക്കുന്നു; ആയുധങ്ങളുടെ ആയുധം ആയിരുന്നു അഗ്നി പ്രാകൃത സമൂഹത്തിൽ; ആധുനിക സമൂഹത്തിലെ വിദ്യുച്ഛക്തിയുമായോ ആണവോർജ്ജവുമായൊ

അന്നത്തെ അഗ്നിയെ ഉപമിക്കാം. ആദ്യകാലത്തെ എല്ലാ വ്യവസായങ്ങളും കണ്ടുപിടിച്ചത് സ്ത്രീകളായിരുന്നു, അതുപോലെ തീ കൊണ്ടുള്ള ഉപയോഗം ഈ വ്യവസായങ്ങളിൽ വികസിപ്പിച്ചതും അവരാണ്.

സ്ത്രീകളുടെ ആദ്യകാല വ്യവസായിക ജീവിതം ഭക്ഷണ ശേഖരണം ചുറ്റിപറ്റി ഉള്ളതായിരുന്നു. ഭക്ഷണത്തിന്റെ നിർമ്മാണം സംരക്ഷണം പരിപാലനം എന്നിവയ്ക്ക് പല സമാന്തര സാമഗ്രഹികൾ ആവശ്യമായി വന്നു: അടുപ്പുകൾ, പാത്രങ്ങൾ, കലവറകൾ, മുതലായവ. ഭക്ഷണ കലവറകൾ, നിലവറകൾ എന്നിവ ആദ്യമായി നിർമ്മിച്ചതും സ്ത്രീകളാണ്. മുളകൾ കൊണ്ട് നനഞ്ഞ മണ്ണിൽ ഉയർന്ന നിലയിൽ അവർ ഭക്ഷണം സൂക്ഷിക്കാൻ അറകൾ നിർമ്മിച്ചു. ഇങ്ങനെ ശേഖരിച്ച ഭക്ഷണം കീടങ്ങളിൽ നിന്നും ചെറിയ ജന്തുക്കളിൽ നിന്നും സൂക്ഷിച്ചു വയ്ക്കാൻ മറ്റൊരു മൃഗത്തെ കൂടെ സ്ത്രീകൾ ഇണക്കിഎടുത്തു – പൂച്ചകളെ. Mason എഴുതുന്നു:
"വിളയിച്ചെടുത്തതിനെ സൂക്ഷിക്കുകയും കീടങ്ങളെ ഭക്ഷണത്തിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്യുന്ന ജോലിയിൽ ലോകം സ്ത്രീകളോട് നന്ദി പറയണം, അവരാണ് ആദ്യമായി വന്യമായ പൂച്ചകളെ ഇണക്കി വളർത്തു മൃഗം ആക്കിയത്." (*Op. cit.*)
വിഷലിപ്തവും അപകടകരവുമായ പദാർഥങ്ങൾ തിരിച്ചറിഞ്ഞ് അവയെ മാറ്റി വയ്ക്കാൻ പഠിച്ചതും സ്ത്രീകള് ആണ്. അങ്ങനെ ഉപയോഗം ഇല്ലാത്തവയെ തീയില എരിച്ച് ചാരമാക്കി പ്രകൃതിയിലേക്ക് കളയാനും സ്ത്രീകൾ പഠിച്ചിരുന്നു. Mason എഴുതിയത് വീണ്ടും ഉദ്ധരിച്ചാൽ:
"നൈസർഗ്ഗികമായ രൂപത്തിൽ അങ്ങേയറ്റം വിഷലിപ്തമായതും, വയറിനു കേട് വരുത്തുന്നതും എരിവുള്ളതുമായ ഒരുപാട് സസ്യങ്ങൾ പ്രകൃതിയില ഉണ്ട്. തിളപ്പിച്ചാലോ ചൂട് കൊള്ളിച്ചാലോ ഇവയെ വീണ്ടും ഭക്ഷ്യയോഗ്യം ആക്കാം എന്ന് സ്ത്രീകൾ വെവ്വേറെ കണ്ടെത്തി." (*Ibid.*)

ഉദാഹരണത്തിന് ചില കപ്പകൾ അതിന്റെ തനത് പ്രകൃതത്തിൽ വിഷലിപ്തമാണ്. എന്നാൽ ബാസ്കെറ്റ് പ്രെസ്സ് എന്ന ഒരു പ്രക്രിയ ഉപയോഗിച്ച് അതിന്റെ വിഷം പിഴിഞ്ഞെടുത്ത് മാറ്റി, മട്ട് ചൂടാക്കി എടുത്തു കളഞ്ഞ് സ്ത്രീകൾ ഈ കപ്പയെ ഒരു മുഖ്യ ഭക്ഷ്യ വസ്തുവാക്കി മാറ്റി. മിക്ക ഭക്ഷ്യയോഗ്യമല്ലാത്ത സസ്യങ്ങളും ഇതുപോലെ പ്രയത്നത്തിലൂടെ ഭക്ഷ്യയോഗ്യമാക്കുകയോ ഔഷധഗുണമുള്ളത് ആക്കുകയോ ചെയ്തിരുന്നു സ്ത്രീകൾ. Dr. Dan McKenzie പ്രാകൃത സ്ത്രീകൾ സസ്യജാലങ്ങൾക്ക് മേൽ അവർക്കുള്ള ആഴത്തിലെ അറിവുകൾ വച്ച് കണ്ടുപിടിച്ച ഹോമിയോ വൈദ്യത്തിലെ ഔഷധങ്ങളായ നൂറുകണക്കിന് സസ്യങ്ങളുടെ പേരുകൾ ലിസ്റ്റ് ചെയ്യുന്നുണ്ട്. അതിലെ പലതും ഇന്നും മാറ്റങ്ങൾ ഇല്ലാതെ ഉപയോഗത്തിൽ ഉണ്ട്, മറ്റു ചിലതിൽ മാറ്റങ്ങൾ വരുത്തി ഉപയോഗത്തിൽ വച്ചിരിക്കുന്നു. ഇതിൽ ഏറ്റവും വീര്യമേറിയ വേദനസംഹാരികൾ ആയി ഉപയോഗിക്കുന്ന വസ്തുക്കളും ഉണ്ട് (*The Infancy of Medicine*).
പൈൻ കീലിന്റെയും ടാർപ്പെൻറ്റൈൻന്റെയും ഗുണഗണങ്ങൾ, ഇന്നും ത്വക്ക് രോഗങ്ങൾക്കും കുഷ്ഠരോഗത്തിനും മറ്റും ഉപയോഗിക്കുന്ന സസ്യങ്ങളുടെ ഗുണഗണങ്ങളും സ്ത്രീകൾ കണ്ടുപിടിച്ചിരുന്നു. അക്കേഷിയ, ബദാം, വാറ്റ്, പാക്ക്, കാപ്പിക്കുരു, കർപ്പൂരം, കായം, സുഗന്ധപ്പശ, മരക്കറ, ബാർളി, ചണ, പെരുംജീരകം, കാഞ്ഞിരം, കുരുമുളക്, കരിമ്പ് മുതലായവയിൽ നിന്ന് പല ഔഷധങ്ങളും സ്ത്രീകൾ കണ്ടുപിടിച്ചിരുന്നു. ഈ സസ്യങ്ങൾ ലോകത്തിന്റെ ഏതൊക്കെ ഭാഗത്ത് വളരുന്നതാണ് എന്നതിനനുസരിച്ച് ഈ കണ്ടുപിടിത്തങ്ങൾ സൌത്ത് അമേരിക്ക, ആഫ്രിക്ക, നോർത്ത് അമേരിക്ക, ചൈന, യൂറോപ്പ്, ഈജിപ്ത് എന്നീ സ്ഥലങ്ങളിൽ ആണ് കണ്ടുപിടിക്കപ്പെട്ടത്.

മൃഗങ്ങളിൽ നിന്നും സസ്യങ്ങളിൽ നിന്നും ഉത്പന്നങ്ങൾ ഔഷധങ്ങൾ ആയി ഉപയോഗിക്കാൻ തുടങ്ങിയിരുന്നു സ്ത്രീകൾ. ഉദാഹരണത്തിന് സർപ്പദംശനത്തിനെതിരേ സർപ്പത്തിന്റെ വിഷം തന്നെ രൂപമാറ്റം നടത്തി എടുത്ത ഒരു രസത്തിന്റെ രൂപത്തിൽ ഉപയോഗിച്ചിരുന്നു (ഇതുപോലെ തന്നെ സർപ്പ വിഷം രൂപമാറ്റം നടത്തിയ ഔഷധം ഇപ്പോഴും ഉപയോഗിക്കുന്നുണ്ട് ).

ഭക്ഷണ-ശേഖരണ വ്യവസായത്തോട് അനുബന്ധിച്ച് ഒരുപാട് പാത്രങ്ങളും വീപ്പകളും മറ്റും ആവശ്യമായി വന്നു, ഭക്ഷണം ശേഖരിക്കാനും എടുത്തുവയ്ക്കാനും ഭക്ഷണം പാകം ചെയ്യാനും വിളമ്പാനും കഴിക്കാനും കുടിക്കാനും ഒക്കെയായി. ചുറ്റുപാടുകൾക്ക് അനുസരിച്ച് ഇത് തടി, മരത്തിന്റെ തൊലി, നാരുകൾ ലെതർ എന്നിവ ഉപയോഗിച്ച് ഉണ്ടാക്കിയിരുന്നു. അവസാനം സ്ത്രീകൾ കളിമണ്ണ് ഉപയോഗിച്ച് മൺപാത്രങ്ങൾ നിർമ്മിക്കാനും തുടങ്ങി.
തടിപ്പാത്രങ്ങൾ നിർമ്മിക്കാൻ അഗ്നിയാണ് ഉപയോഗിച്ചിരുന്നത്. Mason ഈ സാങ്കേതികത്വത്തെ കുറിച്ച് വിശദമായി എഴുതിയിട്ടുണ്ട്. ആദ്യമായി ചെറിയ വള്ളങ്ങളും കപ്പലുകളും നിർമ്മിക്കാൻ ഈ സാങ്കേതികത പിന്നീട് എങ്ങനെ ഉപകരിച്ചു എന്ന് അതിൽ നിന്ന് മനസ്സിലാക്കാം: "പൊള്ളയായ ഭാഗം ആദ്യം തീയുപയോഗിച്ച് നിയന്ത്രിച്ച് എരിച്ച് കളഞ്ഞു. പിന്നീട് ഈ ബുദ്ധിമതികൾ പുല്ല് ചൂലുപയോഗിച്ച് അവശിഷ്ടങ്ങൾ നീക്കം ചെയ്തു. തീക്കല്ല് കൊണ്ടുള്ള ചിരവ പോലൊരു ചുരണ്ടി ഉണ്ടാക്കി തടിയുടെ പരന്ന പ്രതലം ഉണ്ടാകുന്നത് വരെ കരിക്കട്ട മുഴുവൻ സ്ത്രീകൾ ചുരണ്ടി മാറ്റി. മരത്തിന്റെ അകം പൊള്ളിക്കുന്നതും ചുരണ്ടുന്നതും ഇങ്ങനെ ആവശ്യമുള്ള രൂപം ഉണ്ടാക്കി എടുക്കുന്നത് വരെ തുടർന്നു. തോണിയുടെ രൂപത്തിൽ ആക്കിയെടുത്ത ഉടൻ തടികൊണ്ടുള്ള ഈ പാത്രത്തിൽ വെച്ച് മാംസം പാകപ്പെടുത്താൻ തയ്യാറായിരുന്നു" (*Op. cit.*).
അസാധാരണമാം ഈ രൂപമാറ്റ പ്രക്രിയയിലൂടെ തടിയെ അഗ്നി ഉപയോഗിച്ച് അഗ്നിയുടെ മുകളിൽ തന്നെ വച്ച് ഉപയോഗിക്കാവുന്ന ഒരു വസ്തുവാക്കി മാറ്റി.
ഭക്ഷണ-ശേഖരണം എന്ന വ്യവസായത്തിൽ ആരംഭിച്ച സ്ത്രീയുടെ പ്രയത്നങ്ങൾ വളരെ വേഗത്തിൽ തന്നെ അതിന്റെ അതിരുകൾ ലംഘിച്ച് മറ്റെല്ലാ മേഖലകളിലെയ്ക്കും വ്യാപിച്ചു. ഒരു ആവശ്യം പരിഹരിച്ചു വന്നപ്പോൾ മറ്റൊരു ആവശ്യം ഉയർന്നു വന്നു. അങ്ങനെ ഒരു ചങ്ങലയായി പല പല പുതിയ തന്ത്രങ്ങളും സാങ്കേതിക വിദ്യകളും ഉടലെടുത്തു. പുതിയ ആവശ്യങ്ങളുടെ ഉത്പന്നവും പുതിയ ഉത്പന്നങ്ങളും നിർമ്മിക്കുന്നത് വഴി സ്ത്രീ മനുഷ്യരാശിയുടെ സംസ്കാരത്തിന് വഴിവെച്ചു.

സ്ത്രീകളുടെ ഈ വ്യവസായത്തിന്റെ കൂടെ തന്നെ ശാസ്ത്രവും വളർന്നു. മാവ് റൊട്ടിയാക്കുന്ന പ്രക്രിയയ്ക്ക് വേണ്ടി സമാന്തരമായി ഒട്ടനവധി കണ്ടുപിടിത്തങ്ങൾ നടന്നു, ബയോ കെമിസ്ട്രിയിലെ അറിവും, യീസ്റ്റിന്റെ രൂപത്തിലെ സൂക്ഷ്മജീവികളുടെ ഉപയോഗവും അറിയാൻ കഴിഞ്ഞു എന്ന് Gordon Childe ചൂണ്ടിക്കാണിക്കുന്നു. റൊട്ടി ഉണ്ടാക്കുവാൻ സൂക്ഷ്മജീവികളെ ഉപയോഗിച്ച അറിവ് തന്നെയാണ് പതിയെ ദ്രാവകങ്ങൾ പുളിപ്പിക്കാൻ സഹായിച്ചത്. മൺപാത്രങ്ങൾ ഉണ്ടാക്കുന്നതിലെ രസതന്ത്രം, നൂൽ നൂൽക്കുന്നതിലെ ഭൌതികശാസ്ത്രം, നെയ്ത്തിന്റെ സാങ്കേതികത, ചണയുടെയും പരുത്തിയുടെയും സസ്യശാസ്ത്രം എന്നിവയെല്ലാം കണ്ടുപിടിച്ചതിന്റെ മുഴുവൻ കടപ്പാടും സ്ത്രീകളോടാണെന്നു Childe പറയുന്നു. കയർ മുതൽ തുണിത്തരങ്ങൾ വരെ. കയർ വ്യവസായം ചെറിയതോതിലെ ഒരു കച്ചവടം ആണെന്ന് തോന്നിക്കും എങ്കിലും പക്ഷെ വസ്തുവ്യവസായത്തിലെ തുടക്കങ്ങൾക്കും പുരോഗതിയ്ക്കും വഴിവച്ചത് കയർ വ്യവസായം ആയിരുന്നു. കയർ

നിർമ്മാണത്തിന് കൈത്തൊഴിൽ മാത്രം പോരായിരുന്നു, നല്ല ഇനം തിരഞ്ഞെടുക്കുക, അത് പാകപ്പെടുത്തുക അസംസ്കൃത വസ്തുക്കൾ പരുവപ്പെടുത്തുക തുടങ്ങിയവയും അറിഞ്ഞിരിക്കണം.

എല്ലാ മനുഷ്യരും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ നൂലും കയറും ഉപയോഗിച്ചിരുന്നു. ചിലപ്പോൾ ഉപകരണങ്ങൾക്ക് കൈപ്പിടി ചേർക്കുന്നതിനു, മുയൽ വലകളുണ്ടാക്കുന്നതിനു, സഞ്ചികൾ തയ്ക്കുന്നതിനു, ചിലപ്പോൾ ആഭരണങ്ങൾ കഴുത്തിലണിയുന്നതിനു. എസ്കിമോകളെ പോലെ തുകൽ മാത്രം ധാരാളമായി ലഭ്യമായിരുന്ന ആളുകളുടെ കാര്യത്തിൽ നൂലിനും കയറിനും പകരമായി ആശ്രയമായത് മൃഗങ്ങളുടെ തോലും നാരും മറ്റുമായിരുന്നു. അല്പം മാത്രം തുകൽ ഉപയോഗിക്കുകയും കാടുകളിൽ വസിക്കുകയും ചെയ്തിരുന്നവരാകട്ടെ ചൂരൽ, ചെമ്പരത്തി വർഗ്ഗത്തിലുള്ള ചെടികൾ, പൈൻ വർഗ്ഗത്തിലുള്ളവയുടെ വേരുകൾ എന്നിങ്ങനെ ഉപയോഗത്തിനായി രണ്ടാമതൊരു സംസ്കരണം ആവശ്യമില്ലാത്ത  സസ്യനാരുകളിൽ നിന്നാണു നൂലിനും കയറിനുമുള്ള വസ്തുക്കൾ കണ്ടെത്തിയിരുന്നത്. മറ്റു നാരുകൾ നീളം കുറഞ്ഞവയും കൂട്ടിക്കെട്ടി നീളം കൂട്ടേണ്ടി വരുന്നവയുമാണു." (Op. cit.).

നെയ്ത്തിനായുള്ള സാങ്കേതികതകളിൽ നിന്നാണു കുട്ട/ വട്ടി വ്യവസായങ്ങൾ രൂപം കൊണ്ടത്. പ്രാദേശികതയനുസരിച്ച് കുട്ടകളുടെ നിർമ്മാണത്തിനു മരത്തോൽ, പുല്ല്, തുകൽ, വേരുകൾ, വൽക്കലം എന്നിവ ഉപയോഗിച്ചു വന്നു. ചിലവ നെയ്തും മറ്റ് ചിലവ തയ്ച്ച് ചേർത്തും. കുട്ടകളുടെയും മറ്റ് നെയ്തെടുക്കുന്ന സാമഗ്രികളുടെയും വൈവിധ്യം വളരെയേറെയാണു. Robert H. Lowie അവയിൽ ചിലവയെ ഇങ്ങനെ ക്രമീകരിച്ചിരിക്കുന്നു: ചുമട്ടുകുട്ടകൾ, ജലം നിറയ്ക്കാവുന്നവ, ചെറിയ വട്ടികൾ, കുടകൾ പോലെ ഉപയോഗിക്കാവുന്നവ, പരിചകളായി ഉപയോഗിക്കാവുന്നവ (കോംഗോയിൽ), തൊപ്പികളായും തൊട്ടിലുകളായും ഉപയോഗിക്കാവുന്നവ (കാലിഫോർണിയയിൽ), വിശറി, ഭാണ്ഡങ്ങൾ, പായകൾ, തൂക്കുസഞ്ചികൾ, പെട്ടികൾ, മീൻകുടകൾ മുതലായവ. വളരെയധികം ഇഴയടുപ്പത്തോടെ നെയ്യുന്ന ചില കുട്ടകൾ വെള്ളം കടക്കാത്തവയാകയാൽ പാചകത്തിനും ജലസംഭരണത്തിനും ഉപയോഗിക്കാവുന്നവയാണു (സാമൂഹിക നരവംശശാസ്ത്രത്തിനു ഒരു ആമുഖം). ബ്രിഫാൾട്ട് അഭിപ്രായപ്പെടുന്നത് ആധുനികയന്ത്രങ്ങൾ കൊണ്ട് നിർമ്മിച്ചെടുക്കാൻ കഴിയാത്ത വിധം മേന്മയേറിയവയാണ് അവയിൽ ചിലവ എന്നാണു. "യന്ത്രസംവിധാനങ്ങളുടെ സഹായത്താൽ പോലും ആധുനിക മനുഷ്യനു അനുകരിക്കാൻ കഴിയാത്ത വിധം വിസ്മയകരമായ വിധം വൈശിഷ്ട്യത്തോടെയായിരുന്നു മരത്തോലു കൊണ്ടും പുൽനാമ്പു കൊണ്ടും പ്രാചീനസ്ത്രീകൾ നെയ്തിരുന്നത്. ഞെരിച്ചമർത്തിയാൽ ഒരു മോതിരവിടവിൽ കൂടി പോലും  കടത്തിവിടാൻ കഴിയുന്ന പനാമ തൊപ്പികൾ അതിന്റെ സുപരിചിതമായ ഉദാഹരണങ്ങളാണു" (The Mothers).

ഈ വ്യവസായത്തിൽ പ്രകൃതി അവർക്ക് നൽകിയ വിഭവങ്ങളെല്ലാം സ്ത്രീകൾ ഉപയോഗിച്ചു. തെങ്ങ് കാണപ്പെടുന്ന സ്ഥലങ്ങളിൽ അതിന്റെ തൊണ്ടിൽ നിന്നും നാരിൽ നിന്നും മേന്മയേറിയ കയറുകൾ ഉത്പാദിക്കപ്പെട്ടു. ഫിലിപ്പീൻസിൽ ഭക്ഷണയോഗ്യമല്ലാത്ത ഒരു തരം ഒരു വാഴയിൽ നിന്നാണു കയറിനും നെയ്ത്തിനും സുപ്രസിദ്ധമായ മാനില ചണം നിർമ്മിച്ചെടുത്തത്. പോളിനേഷ്യയിൽ പേപ്പർ മൾബറി മരങ്ങൾ കൃഷി ചെയ്യപ്പെട്ടത് അതിന്റെ തോൽ തല്ലിയെടുത്ത് തുണിയാക്കി മാറ്റുവാനും അതിൽ നിന്ന് സ്ത്രീ പുരുഷന്മാർക്ക് ആവശ്യമുള്ള വസ്ത്രങ്ങൾ, സഞ്ചികൾ, നാടകൾ എന്നിവ ഉത്പാദിപ്പിക്കാനായിരുന്നു.

തുണി വ്യവസായം കാർഷിക വിപ്ലവത്തോടെ ഉയർന്നു വന്നു. ഈ സങ്കീർണ്ണമായ വ്യവസായത്തിൽ സ്ത്രീകൾ പഠിച്ചെടുത്ത  സാങ്കേതികതതകളുടെ മിശ്രിതം കാണാൻ കഴിയും. Gordon Childe എഴുതിയത് പോലെ: "തുണി വ്യവസായത്തിൽ, പരുത്തി ചണ എന്നിങ്ങനെ അസംസ്കൃത വസ്തുക്കളെ പറ്റിയുള്ള അറിവ് മാത്രം പോരായിരുന്നു മൃഗങ്ങളെ വളർത്തുകയും പരിശീലിപ്പിക്കുകയും പ്രത്യേകതരം സസ്യങ്ങളെ നട്ടുവളർത്തുകയും വേണമായിരുന്നു (*Man Makes Himself*)."

കൂടുതലായി. വിശദമാക്കി പറഞ്ഞാൽ തുണി വ്യവസായത്തിന് ശാസ്ത്രപരവും യന്ത്രപരമായും ഉയര്ന്ന പ്രാഗദ്ഭ്യവും ഒരു കൂട്ടം സമാന്തര കണ്ടുപിടിത്തങ്ങളും ആവശ്യമായിരുന്നു. അങ്ങനെ ഒരു വ്യവസായം ഉയർന്നു വരാൻ, Childe തുടരുന്നു;

"... മറ്റൊരു കൂട്ടം കണ്ടുപിടിത്തങ്ങളും നൂതനാവിഷ്കാരങ്ങളും വേണം, അതിനു പുറമേ ശാസ്ത്ര ശാഖയുടെ പ്രായോഗികതകൾ പ്രയോഗിക്കുകയും വേണം..... ആവശ്യമായ നൂതനാവിഷ്കാരങ്ങളുടെ കൂട്ടത്തിൽ നൂല് നൂൽക്കാൻ ഒരു യന്ത്രം ആയിരുന്നു പ്രധാനം...പരമപ്രധാനം ഒരു നെയ്ത്തുയന്ത്രം. .

"നെയ്ത്തുയന്ത്രം വളരെ സങ്കീർണ്ണമായ യന്ത്രമാണ്, അതിവിടെ പറയാൻ കഴിയുന്നതിലും കൂടുതൽ പ്രയാസമുള്ളതാണ്. അതിന്റെ ഉപയോഗവും ഒട്ടും ലളിതമല്ല. മനുഷ്യ ബുദ്ധിയുടെ വിജയങ്ങളിൽ ഏറ്റവും പ്രധാനമേറിയവയിൽ ഒന്നാണ് തറി. അതിന്റെ ഉപജ്ഞാതാക്കൾ നാമമില്ലാത്തവർ ആണെങ്കിലും മനുഷ്യന്റെ അറിവിന്റെ ഭണ്ഡാരത്തിലേയ്ക്ക് അവർ ഒഴിച്ചുകൂടാനാവാത്ത സംഭാവനകൾ ആണ് നൽകിയത്. (*Ibid.*)

ഭക്ഷണ ശേഖരണത്തിലേയ്ക്ക് അളവ് വർദ്ധിപ്പിക്കുന്നത് കൂടാതെ നായാട്ട്  മനുഷ്യരാശിയുടെ വളർച്ചയ്ക്ക് അതിപ്രധാനം ആയിരുന്നു.  സംഘം ചേർന്നുള്ള വേട്ടയിൽ മനുഷ്യർ പരസ്പരം സഹവർത്തിച്ച് തുടങ്ങി, ഇങ്ങനെയുള്ള കൂട്ടായ്മാ പ്രവർത്തനം മത്സര പോരാട്ടങ്ങൾ മാത്രം ശീലിച്ചിരുന്ന ജന്തുലോകത്തിന് അജ്ഞാതമായ ഒന്നായിരുന്നു. ഇതേപ്പറ്റി  Chapple & Coon സമർത്ഥിക്കുന്നത്:

"ശരീരത്തിനും മനസ്സിനും ബുദ്ധിയ്ക്കും നായാട്ട് ഏറ്റവും നല്ല വ്യായാമമാണ്. അത് ഉദ്ദീപിപ്പിക്കുന്നതാണ്. ആത്മസംയമനം, സഹവർത്തിത്വം സമചിത്തത കാൽപ്പനികത എന്നീ ഗുണങ്ങളുടെ പ്രകൃതി നിർദ്ധാരണം നടന്നതിന് വഴിതെളിച്ചതും നായാട്ടായിരിക്കണം. മനുഷ്യരാശിയ്ക്ക് അതിന്റെ പ്രാരംഭ ഘട്ടത്തിൽ ഇതിലും വലിയൊരു പാഠശാല ഉണ്ടാവാനിടിയിരിക്കില്ല" (*Op. cit.*)

## തുകൽ നിർമ്മാതാക്കൾ

നായാട്ട് പുരുഷന്റെ ജോലിയായിരുന്നതിനാൽ ചരിത്രകാരന്മാർ നായാട്ടിനെ ആവശ്യത്തിലും അധികം പ്രകീർത്തിച്ച് നിർത്തിയിട്ടുണ്ട്. പുരുഷൻ തീർച്ചയായും നായാട്ടു വഴി ഭക്ഷ്യ ലഭ്യതയ്ക്ക് സംഭാവനകൾ നൽകിയിട്ടുണ്ട് എങ്കിലും സ്ത്രീകളുടെ കൈകളിലായിരുന്നു ഭക്ഷണം പാകം ചെയ്യുന്നതും അത് കരുതി വയ്ക്കുന്ന വിദ്യകളും ഉണ്ടായിരുന്നത്, കൂടാതെ മൃഗങ്ങളുടെ ഉൽപ്പന്നങ്ങൾ വ്യവസായങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്ന തന്ത്രങ്ങളും സ്ത്രീകളുടെ പക്കലാണുണ്ടായിരുന്നത്. തോൽ ഉറയ്ക്കിടുന്നതും സൂക്ഷിച്ചു വയ്ക്കുന്നതും സ്ത്രീയുടെ പ്രയത്നങ്ങൾ കൊണ്ടുണ്ടായതാണ്. തോൽ നിർമ്മാണ വ്യവസായം ഉണ്ടായി വന്നതും സ്ത്രീകളിലൂടെയാണ്. തോൽ നിർമ്മിക്കുക എന്നത് ഒരു നീണ്ട, സങ്കീർണ്ണമായ, ദുർഘടമായ പ്രക്രിയയാണ്. Tierra del Fuego ലെ ഓന സ്ത്രീകൾ ഇപ്പോഴും ചെയ്തുവരുന്ന ഈ അധ്വാനത്തിന്റെ ആദ്യരൂപം Lowie വിവരിക്കുന്നുണ്ട്.  Guanaco എന്ന മൃഗത്തെ വേട്ടയാടി കൊണ്ട് വന്നുകഴിയുമ്പോൾ സ്ത്രീകൾ – Lowie വിവരിക്കുന്നു –

“സ്ത്രീകൾ ഈ മൃഗത്തിന്റെ പരുക്കനായ തോലിന്റെ പുറത്ത് മുട്ടുകുത്തി നിന്ന് കഠിന പ്രയത്നത്തിലൂടെ കൊഴുപ്പ് ബ്ലെയിഡ് കൊണ്ട് ചുരണ്ടികളയും. പിന്നീട് കൈകൊണ്ടു ആ തോൽ അമർത്തി തിരുമ്മും. തോല് കട്ടികുറഞ്ഞു മൃദുവാകുന്നതു വരെ ഇത് ആവർത്തിച്ചു കൊണ്ടേയിരിക്കും. ചിലപ്പോൾ പല്ലുകൊണ്ടും ഇത് ചെയ്തിരുന്നു. തുകലിൽ നിന്ന് രോമം കളയണം എങ്കിലും അതെ ബ്ലെയിഡ് ഉപയോഗിച്ച് പോന്നു.” (*Op. cit.*)
Lowie വിശദീകരിക്കുന്ന ഈ ബ്ലെയിഡ് (ഉളി), കുഴിക്കുന്ന-വടി പോലെ തന്നെ മനുഷ്യരാശിയുടെ ഏറ്റവും പഴയ ആയുധങ്ങളിൽ ഒന്നാണ്. ആദ്യം പച്ചക്കറി ശേഖരിക്കുന്നതിനും പിന്നീട് കർഷക ആവശ്യങ്ങൾക്കും സഹായകമായി തീർന്ന കുഴിക്കുന്ന – വടിയുടെ പുരോഗമനത്തിന് സമാനമായി തന്നെ ഈ ഉളിയുടെ ഉപയോഗവും പരിണമിച്ച് ഉണ്ടായി. മഴുവിന്റെ ഒരു ആദ്യകാല രൂപമായിരുന്നു ഇത്.

ഈ ആയുധത്തെ പറ്റി Briffault എഴുതുന്നു:
“ചുരണ്ടുന്ന ഈ ഉളി ചരിത്രാതീകാലത്ത് ഉപയോഗിച്ചിരുന്ന ആയുധങ്ങളുടെ കൂടെ ഉണ്ടായിരുന്നതാണ്, ഒരുപാട് നൂറ്റാണ്ടുകൾ ഉപയോഗത്തിൽ നിന്നിരുന്ന ഈ ആയുധം ഉണ്ടാക്കിയത് സ്ത്രീകൾ ആയിരുന്നു.... ഇതിന്റെ ഉപയോഗത്തെ പറ്റി ഇന്നും ധാരാളം വിവാദങ്ങൾ നിലനിൽക്കുന്നുണ്ട്. അനിശ്ചിതത്വങ്ങളെ ഏറ്റവും ശക്തമായി എതിർത്ത വാദം എന്താണെന്ന് വച്ചാൽ, എസ്കിമോ സ്ത്രീകൾ അവരുടെ യൂറോപ്പിയൻ സഹോദരിമാർ ഉപേക്ഷിച്ച പല സമാനമായ ആയുധങ്ങൾ നിരവധി ഇന്നും ഉപയോഗിക്കുന്നുണ്ട് എന്നതാണ്.

“എസ്കിമോ സ്ത്രീകളുടെ ഉളികളും പിച്ചാത്തികളും കലാപരമായി അസ്ഥികളുടെ മേൽ ആണ് ഉറപ്പിച്ചു നിർത്തിയിരുന്നത്. പാലിയോലിത്തിക്ക് യൂറോപ്പിൽ കണ്ടുവന്നിരുന്ന ഇത്തരം ആയുധങ്ങളുടെ വൻ ശേഖരം ആണ് ദക്ഷിണ ആഫ്രിക്കയിൽ ഉള്ളത്, ഇന്നും ... കാടുകളിൽ വസിക്കുന്നവരുമായി അടുത്ത സമ്പർക്കം പുലർത്തിയവരുടെ സാക്ഷ്യം പ്രകാരം ഈ ആയുധങ്ങൾ നിർമ്മിച്ചിരുന്നത് സ്ത്രീകൾ ആണ്.” (*Op. cit.*)
Mason ഇത് സ്ഥിതീകരിക്കുന്നുണ്ട് :
“ഏതൊരു കൈത്തൊഴിലിന്റെയും ഏറ്റവും പുരാതനമായ ആയുധമാണ് ഈ ഉളികൾ. മൊണ്ടാനയിലെ ഇന്ത്യൻ ഗോത്ര സ്ത്രീകൾ ഇന്നും അവരുടെ അമ്മമാരിൽ നിന്നും ഈ വിദ്യ അഭ്യസിക്കുന്നു. പാരമ്പര്യമായി അവർ നിലനിർത്തി വരുന്ന ഒരു ശിക്ഷണ മാർഗ്ഗം; സ്ത്രീകളിൽ നിന്ന് സ്ത്രീകളിലെയ്ക്ക് പകർന്നു കൊടുത്ത വിദ്യ, അതിന്റെ തുടക്കമോ മനുഷ്യരാശിയുടെ തന്നെ തുടക്കത്തിൽ രൂപപ്പെട്ടത്.” (*Op. cit.*)

### ഊറയ്ക്കിടൽ

തുകൽ നിർമ്മാണം മറ്റ് വ്യവസായങ്ങളെ പോലെ കായികാധ്വാനം മാത്രം ആവശ്യമുള്ള ഒന്നായിരുന്നില്ല. രസതന്ത്രത്തിന്റെ രഹസ്യങ്ങൾ ഇതിലും, മറ്റു വിഷയങ്ങളിൽ എന്നപോലെ തന്നെ, സ്ത്രീയ്ക്ക് കരസ്ഥമാക്കണമായിരുന്നു. അങ്ങനെ ആ പ്രക്രിയയിൽ ഒരു വസ്തു മറ്റൊരു വസ്തുവിൻറെ പരിണാമത്തിനായി എങ്ങനെ ഉപയോഗിക്കാം എന്നവർ കണ്ടെത്തി.
ഊറയ്ക്കിടൽ എന്നാൽ പച്ചയായ തുകലിനെ രാസപ്രക്രിയ വഴി മാറ്റുന്ന രീതിയാണ്. Lowie എഴുതുന്നു, എസ്കിമോകളുടെ ഇടയിൽ ഈ പ്രക്രിയ ചെയ്തിരുന്നത് തുകൽ മൂത്രം നിറച്ച ബേസിനുകളിൽ മുക്കി ഇട്ടുകൊണ്ടാണ്. നോർത്ത് അമേരിക്കയിലെ ഇന്ത്യൻ ഗോത്രസ്ത്രീകൾ മൃഗങ്ങളുടെ തലച്ചോർ ഉപയോഗിച്ച് ഒരു പ്രത്യേക കൂട്ടുണ്ടാക്കി അതിൽ

തുകൽ മുക്കി ഇട്ടുകൊണ്ട് രൂപമാറ്റങ്ങൾ സാധ്യമാക്കി. ശരിയായ ഊറയ്ക്കിടൽ ഓക്കുമരത്തിൻറെ തടിയോ മറ്റു അമ്ലരസമുള്ള സസ്യപദാർഥങ്ങളോ ഉപയോഗിച്ചാണ്. തുകൽ നിർമ്മാണത്തിനായി സ്ത്രീകൾ തുകൽ തീക്കുണ്ഡത്തിന് മുകളിൽ വിരിച്ചിട്ട് പുക കൊള്ളിക്കാറുണ്ടായിരുന്നു. ഇവരുടെ പടച്ചട്ടകൾ ശരങ്ങളെയും, വെടിയുണ്ടകളെ പോലും പ്രതിരോധിക്കുവാൻ ശക്തിയുള്ളതായിരുന്നു. തുകൽ ഉത്പന്നങ്ങൾ കൂട്ടുകളുടെ നിർമ്മാണത്തിലേയ്ക്ക് വരെ വ്യാപിച്ചിരുന്നു. Lowie തുകലിന്റെ ചില ഉപയോഗങ്ങൾ വിശദീകരിക്കുന്നു: ഏഷ്യയിലെ നാടോടികൾ തുകൽ കൊണ്ട് കുപ്പികൾ നിർമ്മിച്ചു, കിഴക്കൻ ആഫ്രിക്കക്കാർ തുകൽ കൊണ്ട് ചട്ടകളും വസ്ത്രങ്ങളും നിർമ്മിച്ചു, വടക്കേഅമേരിക്കൻ-ഇന്ത്യൻ വിവിധ തരം വസ്ത്രങ്ങൾ ഇതുകൊണ്ട് നിർമ്മിച്ചു. ഇവർ തുകൽ ഉപയോഗിച്ച്, കൂടാരങ്ങളും, തൊട്ടിലുകളും, പടച്ചട്ടയും നിർമ്മിച്ചു.
അവർ പുകയിൽ ഉണക്കിയ വസ്ത്രങ്ങൾ ആട്ടിൻതോല് പോലുള്ളവ കൊണ്ടുണ്ടാക്കിയ സഞ്ചികളിൽ സൂക്ഷിച്ചു, മാംസഭക്ഷണം തുകൽ ഉറകളിൽ ശേഖരിച്ചു വച്ചു. വടക്കേഅമേരിക്കൻ-ഇന്ത്യൻ സ്ത്രീകൾ നിർമ്മിച്ച തുകൽ ഉത്പന്നങ്ങൾ പ്രദർശനത്തിനു വച്ചിരിക്കുന്ന മ്യൂസിയങ്ങളിൽ വരുന്ന കാഴ്ചക്കാരെ അമ്പരപ്പിക്കുന്നതിൽ ഒരിക്കലും പരാജയപ്പെട്ടില്ല.

എന്തുതരം തുകൽ ആണ് ഉത്പാദിപ്പിക്കുന്നതെന്നും അവ ഉപയോഗിച്ച് എന്ത് തരം ഉത്പന്നങ്ങൾ ആണ് നിർമ്മിക്കുന്നത് എന്നും സ്ത്രീകൾക്ക് മുൻകൂട്ടി തന്നെ അറിവുണ്ടായിരുന്നു എന്നാണു Briffault ചൂണ്ടിക്കാണിക്കുന്നത്:
"തുകലിന്റെ ഉപയോഗാവശ്യം അനുസരിച്ച് സാധ്യതകൾ അനന്തമായിരുന്നു; ഒരേ ഘനത്തിൽ തുകൽ മിനുസമാക്കുക, രോമം വളർന്നിരുന്ന തൊലിയുടെ പാളി നിലനിർത്തുക, പാദരക്ഷ, പടച്ചട്ട, തോണി, കൂടാരങ്ങൾ എന്നിവയ്ക്ക് കട്ടിയേറിയവ തിരഞ്ഞെടുക്കുക, മാർദ്ദവമേറിയ കട്ടികുറഞ്ഞ തുകൽ വസ്ത്രങ്ങൾക്കായി തിരഞ്ഞെടുക്കുക തുടങ്ങിയ പദ്ധതികൾ. ഇതിനെല്ലാം ആവശ്യമായ സാങ്കേതിക വൈദഗ്ധ്യം പ്രാചീനകാലത്തെ സ്ത്രീകൾക്ക് കൈവശമുണ്ടായിരുന്നു." (*Op. cit.*)
Mason എഴുതുന്നു:
"അമേരിക്കൻ ഭൂഖണ്ഡത്തിൽ ഉള്ള സ്ത്രീകൾക്ക് മാത്രം, എത്രയോ തരം മൃഗങ്ങളുടെ തോലുരിച്ച് പാകപ്പെടുത്തി വസ്ത്രങ്ങൾ നിർമ്മിക്കാൻ അറിവുണ്ടായിരുന്നു. വായുവിലും വെള്ളത്തിലും കരയിലും ജീവിക്കുന്ന ഏതൊരു ജീവിയും അതിനൊരു തോൽച്ചട്ട ഉണ്ടായിരുന്നുവെങ്കിൽ ആദിമസ്ത്രീകൾ അവയ്ക്കൊരു പേരിടുകയും, അവയുടെ തുകൽ കൊണ്ട് സ്വപ്നം കാണാനാകാത്ത വിധം വൈവിധ്യങ്ങളോടെ ഉപയുക്തമാക്കുകയും ചെയ്തു." (*Op. cit.*)

### മൺപാത്ര നിർമ്മാതാക്കൾ, കലാകാരികൾ.

പ്രകൃതിയിൽ സ്വയം ഉണ്ടായതല്ലാത്ത ഒട്ടനവധി വസ്തുക്കളുടെ ഉത്പാദനം മൺപാത്ര വ്യവസായത്തിലൂടെ വളർന്നു വന്നു. ഇത്തരത്തിൽ ഒരു വളർച്ച സ്ത്രീകളുടെ മറ്റു വ്യവസായങ്ങളിൽ ഉണ്ടായിരുന്നതല്ല. ഇതേപ്പറ്റി Gordon Childe എഴുതുന്നു:
"രാസപ്രവർത്തനത്തിന്റെ മനുഷ്യൻ നടത്തിയ ഏറ്റവും പുരാതനമായതും ബോധപൂർവ്വമായതും ആയ ഉപയോഗം ആയിരുന്നിരിക്കും ഒരുപക്ഷെ മൺപാത്ര നിർമ്മാണം... ഇതിന്റെ സത്ത എന്താണെന്ന് വച്ചാൽ, കളിമണ്ണിനെ അവൾക്ക് ഇഷ്ടമുള്ള ഏതു രൂപത്തിലെയ്ക്കും മാറ്റാൻ കഴിയും എന്നതും ആ രൂപത്തെ അഗ്നിയുടെ (അറുനൂറു ഡിഗ്രിയ്ക്കും മേലെ താപനില ഏൽപ്പിച്ച് ) സഹായത്താൽ നിലനിർത്താൻ കഴിയും

എന്നതും ആണ്. ആദ്യകാല പുരുഷന് ഇത്തരത്തിൽ ഒരു വസ്തുവിനെ മറ്റൊരു വസ്തു ആക്കിമാറ്റുന്നത് ഒരു മന്ത്രവിദ്യയായി തോന്നിയിരിക്കാം--മണ്ണോ ചെളിയോ ഖനീഭവിച്ച രൂപത്തിൽ ആകുന്നത്....

“കളിമൺപാത്ര നിർമ്മാണത്തിന്റെ കണ്ടുപിടിത്തം പ്രധാനമായും മുകളിൽ പറഞ്ഞ രസതന്ത്ര പ്രവർത്തനത്തിൽ അധിഷ്ഠിതം ആയിരുന്നു. പക്ഷെ മറ്റേത് കണ്ടുപിടിത്തം പോലെയും ഇതിന്റെ പ്രവർത്തനത്തിനും പരിണിത ഫലങ്ങൾ ഉണ്ടായിരുന്നു. കളിമണ്ണ്ൻ പരുവപ്പെടുത്തണം എങ്കിൽ ആദ്യം വെള്ളത്തിൽ കുഴയ്ക്കണം. പക്ഷെ നനഞ്ഞു മൃദുവായിരിക്കുന്ന കളിമൺ പാത്രം തീയില വെച്ചാൽ അത് പൊട്ടിപ്പോകും. ഈ നനവ് ഉണക്കാൻ വേണ്ടി സൂര്യതാപം ഏൽപ്പിക്കുകയോ തീയുടെ അടുത്ത് വയ്ക്കുകയോ മാത്രമേ ചെയ്യാൻ കഴിയൂ. അതുപോലെ തന്നെ കളിമണ്ണ് തിരഞ്ഞെടുക്കുന്നതിലും പല ഘട്ടങ്ങൾ ഉണ്ടായിരുന്നു. അനാവശ്യ വസ്തുക്കള അരിച്ചു കളയാൻ ഏതെങ്കിലും തരത്തിലെ കഴകൽ പ്രക്രിയ കണ്ടുപിടിക്കേണ്ടി വന്നിരുന്നു.

“തീയിൽ കളിമണ്ണ് ചുടുമ്പോൾ അതിന്റെ നിറം മാറുകയും ചെയ്യും എന്ന് പഠിച്ചതിന് ശേഷം മനുഷ്യന് ഇതൊക്കെയും തന്റെ നിയന്ത്രണത്തിൽ കൊണ്ട് വരേണ്ടതുണ്ടായിരുന്നു, അതുപയോഗിച്ച് കലാപരമായി ഈ പാത്രങ്ങളുടെ ഭംഗി വർദ്ധിപ്പിക്കാൻ ആയി”.

“അങ്ങനെ കുശവന്റെ കരവിരുത് അത്യധികം സങ്കീർണ്ണമായതായിരുന്നു. അനേകം കൂട്ടം പ്രക്രിയകളുടെ മൂല്യനിർണ്ണയവും, ഒരു കൂട്ടം കണ്ടുപിടിത്തങ്ങളുടെ പ്രയോഗവും ഇതിൽ ഉൾപ്പെട്ടിരുന്നു. ഒരു മൺപാത്രം പണിഞ്ഞെടുക്കുന്നത് മനുഷ്യന്റെ സൃഷ്ടിയുടെ കഴിവിന്റെ ഉദാത്തമായ പ്രക്രിയയാണ്..“ (*Man Makes Himself*)

അങ്ങനെ യാഥാർത്ഥ്യത്തിൽ ആദ്യത്തെ കുശവർ ആയ പ്രാകൃത സ്ത്രീകൾ മണ്ണിനെ ഭൂമിയിൽ നിന്നെടുത്ത് ആകർഷകമായ മൺപാത്രങ്ങളാക്കി രൂപമാറ്റം നടത്തിയെടുത്തു.



INDIAN POTTERY

ഈ വ്യവസായങ്ങളുടെ സമാനമായി തന്നെ അലങ്കാരത്തിന്റെ കലയും സ്ത്രീകളുടെ കൈകളിലൂടെ വിരിഞ്ഞു. കല അധ്വാനത്തിൽ നിന്നാണ് ഉടലെടുത്തത്. Lowie എഴുതുന്നു:

“ഒരു കുട നിർമ്മാതാവ് അപ്രതീക്ഷിതമായി ഒരു അലങ്കാരത്തിന്റെ കലാകാരനായി മാറുന്നു, പക്ഷെ അവരുടെ കണ്ണിൽ ആദ്യമായി ഓരോ മാതൃകകൾ ഉരുത്തിരിയുമ്പോൾ മുതൽ വീണ്ടും അത് പുനർനിർമ്മിക്കാൻ ഉള്ള ശ്രമങ്ങൾ ഉണ്ടാവുന്നു. ഒരു കുട ചുരുട്ടി എടുക്കുന്നത് ചിലപ്പോൾ പലവിധ പിരികൾ പരീക്ഷിക്കുന്നതിലെയ്ക്ക് വഴി തെളിക്കും, അല്ലെങ്കിൽ ചിലപ്പോൾ ഇരട്ട പിരികൾ നിർമ്മിക്കുന്നതിലെയ്ക്ക്.

കൂടുതലായി ഈ മാതൃകകളും ആകൃതികളും പഠിച്ചു കഴിയുമ്പോൾ അത് കൂടകളിൽ മാത്രം ഒതുങ്ങിയില്ല. നിർമ്മിക്കപ്പെട്ട കളിമൺ പാത്രങ്ങളിലും പലവിധ അലങ്കാരങ്ങൾ വരച്ചു ചേർക്കാനും ഇത് സഹായിച്ചു." (*Op. cit.*)

സ്ത്രീകള് നിർമ്മിച്ചിരുന്ന തുകൽ ഉത്പന്നങ്ങളും അതിന്റെ ഉപയോഗത്തിൽ മാത്രമല്ല ഭംഗിയിലും വേറിട്ട് നിന്നു. പിന്നീട് സ്ത്രീകൾ തുന്നലിന്റെ ഘട്ടത്തിലേയ്ക്ക് എത്തിയപ്പോൾ ഈ പഠിച്ച ആകൃതികളും മാതൃകകളും അവർക്ക് അതിലേയ്ക്കും വളർത്താൻ കഴിഞ്ഞു.

### വാസ്തുശില്പ്പിയും എഞ്ചിനീയറും

പ്രാകൃത സ്ത്രീകളുടെ കഴിവുകളിൽ ഏറ്റവും കുറച്ചു മാത്രം ശ്രദ്ധിക്കപ്പെട്ടിട്ടുള്ളത് കെട്ടിട നിർമ്മാണത്തിലും, വാസ്തുശിൽപ്പ മേഖലയിലും എഞ്ചിനീയറിംഗ് മേഖലയിലും ആവാം. Briffault എഴുതുന്നു:

"കലയുടേയും കെട്ടിട നിർമ്മാണത്തിന്റെയും ഉത്ഭവം സ്ത്രീകളിലൂടെ ആണെന്ന് വിശ്വസിക്കാൻ നമ്മുക്കിന്നു പ്രയാസമായിരിക്കുന്നു. പക്ഷെ ഓസ്ട്രേലിയയിലെ, ആന്‍ഡമാൻ ദ്വീപുകളിലും, പാതഗോണിയൻ ഗോത്രങ്ങളിലും, ബോത്തോകുദൊസിലും, സെരിയിലെ പതുക്കൻ കുടിലുകളിലും, അമേരിക്കൻ ഇന്ത്യാക്കാരുടെ വാസസ്ഥലങ്ങളും, ബെദോയിന്റെ ഒട്ടക രോമ ടെന്റുകളും, മദ്ധ്യേഷ്യയിലെ നായാടികളുടെ 'യൂത്ര്'യും എല്ലാം സ്ത്രീകളുടെ മാത്രം പ്രത്യേക പ്രയത്നമാണ്.

"പലപ്പോഴും ഏറിയും കുറഞ്ഞും ചലനാത്മകത ഉള്ള ഈ വാസസ്ഥലങ്ങൾ അങ്ങേയറ്റം സങ്കീർണ്ണമാണ്. ഉദാഹരണത്തിന് 'യൂത്ര്' അത്യധികം വിസ്താരമുള്ള, കഴക്കോലുകൾ കൊണ്ട് നിർമ്മിച്ച ചട്ടക്കൂടിൽ പടുത്തുയർത്തിയ, വൃത്താകൃതിയിൽ അടിത്തറയും തടികൊണ്ട് ഇഴകളിട്ടു ബലപ്പെടുത്തിയതും, തോല് കൊണ്ട് മേൽക്കൂര മൂടിയും ഒരു താഴികക്കുടത്തിന്റെ ആകൃതിയിൽ നിർമ്മിച്ച ഭവനമാണ്. ഉള്ളിൽ അനവധി മുറികൾ വേർതിരിച്ചു നിർമ്മിച്ചിട്ടുണ്ട്, ഇതിന്റെ എല്ലാ ഭാഗങ്ങളും തുർക്കോമാൻ സ്ത്രീകളുടെ അധ്വാനം ആണ്. അവരുടെ സ്ത്രീകൾക്ക് പലപ്പോഴും ശരീരത്തിൽ പലവിധ മുറിവുകളും അപകടങ്ങളും വരെ ഉണ്ടാകാറുണ്ട് ഈ നിർമ്മാണ പ്രവർത്തനത്തിന്റെ ഇടയിൽ .

"ന്യൂ മെക്സിക്കോയിലെയും അരിസോണയിലെയും ഗ്രാമങ്ങൾ ഏതോ നഗരത്തിന്റേത് എന്ന് തോന്നിപ്പിക്കുന്ന ചിത്രം പോലെ മനോഹരമാണ്, പല നിലകൾ ഉള്ളതും മട്ടുപ്പാവുകൾ ഉള്ളതുമായ വീടുകളുടെ കൂട്ടങ്ങൾ. മുകളിലെ നിലകളിലെയ്ക്ക് പുറത്തു നിന്ന് പടവുകളോ ഏണികളോ ഉണ്ടായിരുന്നു, ഭിത്തികൾ പലവിധ വസ്തുക്കള കൊണ്ട് അലങ്കരിച്ചതും ആയിരുന്നു. നടുമുറ്റങ്ങളും കവലകളും, പൊതുജനത്തിനു ഒത്തുകൂടാനും പ്രാർഥിക്കാനും മറ്റുമുള്ള കെട്ടിടങ്ങളും....എണ്ണമറ്റ അവശിഷ്ടങ്ങൾ തെളിയിക്കുന്നത്." (*Op. cit.*)

പുഎബ്ലോ ഇന്ത്യൻ സ്ത്രീകൾ പണിഞ്ഞു കൊടുത്ത പള്ളികളും മഠങ്ങളും ആ സങ്കേതങ്ങളിൽ വാസമുറപ്പിച്ച സ്പാനിഷ് പാതിരിമാരെ അമ്പരപ്പിച്ചിരുന്നു. യൂറോപ്പിലെയ്ക്ക് അവർ ഇങ്ങനെ എഴുതി;

"ഒരാണ് പോലും ഈ കെട്ടിടങ്ങൾ നിർമ്മിക്കാൻ പങ്കെടുത്തിട്ടില്ല....ഈ കാണുന്നതെല്ലാം പടുത്തുയർത്തിയത് സ്ത്രീകളും, പെൺകുട്ടികളും, ചെറിയ ആൺകുട്ടികളും ചേർന്നാണ്, ഇവരുടെ ഇടയിലെ സംസ്കാരം സ്ത്രീകൾ വീടുപണിയുക എന്നതാണ്." (Quoted by Briffault, *op. cit.*)

ഈ മിഷനറി പ്രവർത്തകരുടെ സ്വാധീനം കാരണം കൊണ്ട് പുരുഷന്മാരും പിന്നീട് വീട്ടുപണിയ്ക്ക് കൂടാൻ തുടങ്ങി. പക്ഷെ അവരെ ആ ഗോത്രത്തിലുള്ള മറ്റുള്ളവർ പരിഹാസത്തോടെയാണ് നേരിട്ടത്. ഒരു സ്പാനിഷ് പാതിരി എഴുതിയത് ഇങ്ങനെ:

"വീട്ടുപണിയാൻ കൂടിയ ആണുങ്ങൾ അങ്ങേയറ്റം ആക്ഷേപിക്കപ്പെട്ട് കൂവുകയും കളിയാക്കുകയും ചെയ്യുന്ന ഒരു ആൾക്കൂട്ടത്തിന്റെ നടുവിൽ നിന്നും- അവരെ സംബന്ധിച്ച് ഇതേറ്റവും പരിഹാസ്യമായ ഒരു ആശയം ആയിരുന്നു, ആണുങ്ങൾ വീട്ടുപണിയുക എന്നത്!" (*Ibid.*)

ഇന്ന് ഇതിന്റെ നേരെ എതിരേയുള്ള ആശയത്തെ സമൂഹം പരിഹസിക്കുന്നു: സ്ത്രീകൾ വീട്ടുപണിയുകയും എഞ്ചിനീയർ ആവുകയും ചെയ്യുന്നത്!

## സ്ത്രീകളുടെ ചുമലിലേറി

പ്രാകൃത സമൂഹത്തിലെ വിദഗ്ധ തൊഴിലാളികൾ മാത്രമായിരുന്നില്ല സ്ത്രീകൾ. ഉപകരണങ്ങളും ചരക്കുകളും സ്ഥലങ്ങൾ മാറുമ്പോൾ വലിക്കുകയും ഇഴക്കുകയും ചെയ്തതിരുന്നു അവർ. ഇണക്കി വളർത്തിയ മൃഗങ്ങൾ വിട്ടുതൽ കൊടുക്കുന്നതിന് മുൻപ് ഗോത്ര സമൂഹങ്ങളുടെ പ്രധാന ഗതാഗതം സ്ത്രീകളുടെ തോളിൽ ആയിരുന്നു. വ്യവസായത്തിന് ആവശ്യമുള്ള അസംസ്കൃത വസ്തുക്കൾ മാത്രമല്ല, ഭവനങ്ങളും പാർപ്പിടങ്ങളും മുഴുവനായും സ്ത്രീകൾ തന്നെയാണ് പല ഇടങ്ങളിൽ നിന്നും മാറ്റി നട്ടത്.

ഓരോ കുടിയേറ്റത്തിലും- ഒരിടത്ത് ഉറച്ച് താമസിക്കുന്ന സംസ്കാരം വളരുന്നതിന് മുൻപ് ഇത് വളരെ പതിവായി ഉണ്ടായിരുന്നു- സ്ത്രീകളാണ് ടെന്റുകൾ അഴിച്ചെടുത്ത് ഗതാഗതം നടത്തി അത് വീണ്ടും പടുത്തുയർത്തിയത്. ഓരോ താവളത്തിലേയ്ക്കും അവരുടെ കുഞ്ഞുങ്ങളുടെ കൂടെ ചരക്കുകളും കടത്തിയത് സ്ത്രീകൾ ആയിരുന്നു. ദൈനംദിന ജീവിതത്തിൽ സ്ത്രീകളാണ് ഭാരമേറിയ വിറക്, ജലം, ഭക്ഷണം, തുടങ്ങിയ അവശ്യവസ്തുക്കൾ ചുമന്നത്.

Tierra del Fuego വിലുള്ള ഓന ഗോത്രത്തിലെ സ്ത്രീകളാണ് ഇന്നും ഇത് ചെയ്യുന്നത്. Chapple & Coon ചൂണ്ടികാണിക്കുന്നത് പോലെ, കിലോക്കണക്കിന് ഭാരമുള്ള ചരക്കുകൾ സ്ത്രീകൾ പേറിയിരുന്നു. അകികുയുസ് എന്ന ഗോത്രത്തിലെ പുരുഷന്മാർക്ക് ഇരുപത് മുപ്പത് കിലോ പോലും ചുമക്കാനുള്ള ശേഷി ഉണ്ടായിരുന്നില്ല, അതേസമയം അവരുടെ സ്ത്രീകൾ അമ്പത് കിലോയോളം വരുന്ന ഭാരം ചുമന്നിരുന്നു എന്ന് Routledges എഴുതുന്നു.

"ഇത് വളരെ ഭാരമുള്ളതാണ്, ഇതൊരു പുരുഷന് പറ്റില്ല ഒരു സ്ത്രീയ്ക്കേ പറ്റൂ എന്നൊരു പുരുഷൻ പറയുമ്പോൾ അതൊരു വസ്തുത തന്നെയായിരുന്നു. " (W. Scoresby and Katherine Routledge, *With a Prehistoric People*.)

സ്ത്രീകളുടെ ഈ അധ്വാനത്തെ പറ്റി Mason എഴുതുന്നു:

"സ്ത്രീകളുടെ ചുമലിൽ നിന്നും കാറുകളിലെയ്ക്കും ഗാംഭീര്യമാർന്ന നൌകകളിലെയ്ക്കും ആണ് മഹത്തായ കലകളുടെ പ്രയാണ ചരിത്രം, അത് തന്നെയാണ് മനുഷ്യ വംശത്തെ ലോകം മുഴുവനുമുള്ള പര്യവേക്ഷണങ്ങളിലെയ്ക്ക് നയിച്ചത്. നൌകകളുടെ അമരത്ത് ഒരു സ്ത്രീയുടെ മുഖം കൊത്തിവയ്ക്കുന്നതും ഒട്ടുമിക്ക വാഹനങ്ങൾക്കും നാമം സ്ത്രീലിംഗം ആയതും എന്നെ ഒട്ടും അതിശയിപ്പിക്കുന്നില്ല " (*Op. cit.*)

ഇത്രയും സമഗ്രമായ അധ്വാനവും പ്രവർത്തികളും സ്ത്രീകള് ചെയ്തിരുന്നു എന്നതിൽ നിന്നും അവർ അടിച്ചമർത്തപ്പെട്ടവരും ചൂഷണം ചെയ്യപ്പെട്ടവരും ആയിരുന്നു എന്ന് ധരിക്കാൻ കഴിയുമോ? ഒരിക്കലുമില്ല. അതിനു നേർ വിപരീതം ആണ് സത്യം. ഇതെപ്പറ്റി Briffault എഴുതുന്നു:

“പ്രാകൃത സമൂഹങ്ങളിലും സ്ത്രീ അടിച്ചമർത്തപ്പെട്ടിരുന്നു എന്ന ഭാവനാത്മകമായ വാദം ഉണ്ടായിവന്നത് ഭാഗികമായി നാഗരിക പുരുഷന്റെ ആത്മസംതൃപ്തിയുടെ ആവശ്യകതയിൽ നിന്നും ഭാഗികമായി സ്ത്രീകൾ അദ്ധ്വാനിക്കുന്നവർ ആണെന്നുള്ള വീക്ഷണത്തിൽ നിന്നുമാണ്. ആയാസവും കഠിനവുമായ തൊഴിലുകൾ സ്ത്രീകൾ ചെയ്യുന്ന ഇടത്തെല്ലാം അത് സ്ത്രീയുടെ അടിമത്തത്തിന്റെയും അടിച്ചമർത്തലിന്റെയും പദവിയായി കണ്ടിരുന്നു. ഇതിലും ഗഹനമായ ഒരു തെറ്റിദ്ധാരണ വേറെ ഉണ്ടാവില്ല...“അധ്വാനിക്കുന്നവൾ ആയിരുന്നു എങ്കിലും എന്നതല്ല  പ്രാകൃത സ്ത്രീ സ്വതന്ത്ര ആയിരുന്നു എന്നതിന് അർഥം. പൊതുവായി പറഞ്ഞാൽ ഏതു സമൂഹത്തിൽ ആണോ സ്ത്രീ ഏറ്റവും കൂടുതൽ അദ്ധ്വാനിച്ചത് അവിടെയാണ് അവർ അവരുടെ സ്വാതന്ത്ര്യവും ഇടപെടലും കൂടുതൽ ഉണ്ടായിരുന്നത്. അവർ എവിടെയൊക്കെ അലസരായി ഇരുന്നുവോ, എവിടെയൊക്കെ അടിമകൾ മാത്രം അദ്ധ്വാനിച്ചിരുന്നുവോ അവിടെയൊക്കെ സ്ത്രീകൾ വെറും ലൈംഗീക അടിമകൾ മാത്രമായിരുന്നു....പ്രാകൃത സമൂഹത്തിൽ സ്ത്രീകൾ സ്വമനസ്സാലെ ആണ് അദ്ധ്വാനിച്ചത്, യാതൊരു വിധ സാമൂഹ്യ വ്യവസ്ഥിതിയുടെയും അടിച്ചേൽപ്പിക്കൽ ആയിരുന്നില്ല അത്. സുലു സ്ത്രീകളെ പറ്റി ഒരു പാതിരി എഴുതിയത്: “അദ്ധ്വാനിക്കുമ്പോൾ ഉള്ള അവരുടെ പ്രസന്നമായ ഭാവവും, അവരുടെ ആഹ്ലാദവും കലപിലകളും വീക്ഷിച്ച ഒരാൾ അത് നമ്മുടെ സമൂഹത്തിലെ സ്ത്രീകളുടെ അദ്ധ്വാനത്തിന്റെ സഹനവുമായി  താരതമ്യപ്പെടുത്തട്ടെ” (*Op. cit.*)

മനുഷ്യന് അസഹനീയമാകുന്നത് വെറും അദ്ധ്വാനം അല്ല, മറിച്ച് ചൂഷണം ചെയ്യുന്നതും നിർബന്ധിച്ച് ചെയ്യിക്കുന്നതുമായ അദ്ധ്വാനം ആണ്. സ്ത്രീകൾ അദ്ധ്വാനിക്കാൻ തുടങ്ങിയപ്പോൾ അവരെ അത് പഠിപ്പിക്കാൻ ആരും ഉണ്ടായിരുന്നില്ല. ബുദ്ധിമുട്ടുള്ള വഴികളിലൂടെ സ്ഥിരമായി ഉത്സാഹിച്ചും പ്രയത്നിച്ചും അവർ സ്വന്തമായി ആണ് പലതും പഠിച്ചെടുത്തത്. പ്രകൃതിയിൽ നിന്ന് അവർ ചില പ്രചോദനങ്ങൾ ഉൾക്കൊള്ളുകയും ചെയ്തിട്ടുണ്ടാകണം, Mason എഴുതുന്നു:
“ചിലന്തികൾ, കൂടുകൂട്ടുന്ന ജീവികൾ, ആഹാരം ശേഖരിച്ചു വയ്ക്കുന്ന ജീവികൾ, എന്നിവർ സ്ത്രീകളെ പല ആശയങ്ങളും പഠിപ്പിച്ചു. കളിമണ്ണിൽ കരവിരുതുകൾ നടത്താൻ ചിതലും, വണ്ടുകളും അവർക്ക് നിർദ്ദേശങ്ങൾ നൽകി.   ഇതിനർത്ഥം   ബുദ്ധിശൂന്യരായ സ്ത്രീകളെ പഠിപ്പിക്കാൻ ഈ ജീവികൾ വിദ്യാലയങ്ങൾ നടത്തിയിരുന്നു എന്നല്ല, പകരം സ്ത്രീകളുടെ സാമർത്ഥ്യവും  ബുദ്ധിയും പ്രകൃതിയിലെ സ്രോതസ്സുകളിൽ നിന്ന് വരുന്ന ഇത്തരം സൂചനകളെ സൂക്ഷ്മമായി ഉൾക്കൊണ്ടിരുന്നു. ... വ്യവസായ വത്കരണത്തിന്റെ ഉയർച്ചയിൽ ആണ് സ്ത്രീ തന്റെ ഭാഗം ഏറ്റവും ഭംഗിയായി സംജാതമാക്കിയത്. തന്റെ ഉത്തരവാദിത്തങ്ങൾ നിയമങ്ങളായി കൃത്യമായി സ്ത്രീ ആദിമകാലം മുതൽക്ക് നിർവചിച്ചിരുന്നു, അവ അചഞ്ചലമായി പുലർത്തി പോരുകയും ചെയ്തിരുന്നു”.(*Op. cit.*)

### ആദ്യ സംഘം.

പക്ഷെ, സ്ത്രീ തന്റെ അദ്ധ്വാനം ഏറ്റവും എളിയ രീതിയിൽ തുടങ്ങി എന്നതുകൊണ്ട് പല ചരിത്രകാരന്മാരും സ്ത്രീകളുടെ വ്യവസായങ്ങളെ ഗാർഹിക കൈത്തൊഴിലുകൾ ആയും കരകൌശലവിദ്യയായും അവതരിപ്പിച്ചു. വാസ്തവം എന്താണെന്ന് വച്ചാൽ വലിയ യന്ത്രങ്ങൾ ഉണ്ടാകുന്നതിനു മുൻപ് എല്ലാ തൊഴിലുകളും കൈത്തൊഴിലുകൾ ആയിരുന്നു. നഗരങ്ങളിൽ  പ്രത്യേകമായി നിർമ്മിച്ച ഫാക്ടറികൾ ഉണ്ടാകുന്നതിനു മുൻപ് ഗാർഹികപരിസരം അല്ലാതെ മറ്റൊരു ഫാക്ടറിയും ഉണ്ടായിരുന്നില്ല”. മധ്യകാലഘട്ടങ്ങളിലെ മഹത്തായ സംഘടനകൾ ഒന്നും ഈ ഗാർഹികപരിസരങ്ങളും കൈത്തൊഴിലുകളും ഇല്ലാതെ

ഉരുത്തിരിഞ്ഞു വരുമായിരുന്നില്ല. ആധുനിക സമൂഹത്തിന്റെ യന്ത്രവത്കൃതമായ കൃഷിയിടങ്ങളും സംഘടിതമായ വ്യവസായങ്ങളും നിലനിൽപ്പിൽ വരുക തന്നെ ഇല്ലായിരുന്നു.

സ്ത്രീകൾ അദ്ധ്വാനം തുടങ്ങിയപ്പോൾ അവർ മനുഷ്യരാശിയെ ജന്തുസമൂഹത്തിൽ നിന്നും പുറത്തേയ്ക്ക് നയിച്ചു. തൊഴിലിന്റെയും വ്യവസായത്തിന്റെയും തുടക്കക്കാർ സ്ത്രീകൾ ആയിരുന്നു. വാനരനെന്ന പദവിയിൽ നിന്ന് മനുഷ്യനെ ഉയർത്തിയത് സ്ത്രീകളുടെ നേതൃത്വം ആണ്. അതിന് സമാന്തരമായി അവരുടെ ഭാഷയും വളർന്നു.

Engels ചൂണ്ടിക്കാണിക്കുന്നത് പോലെ:

"തൊഴിലിന്റെ തുടക്കവും വളർച്ചയും സമൂഹത്തിലെ അംഗങ്ങളെ കൂട്ടായ പ്രവർത്തനങ്ങളും പരസ്പര സഹായവും വർദ്ധിപ്പിക്കുന്നത് വഴി ഒരുമിപ്പിക്കുന്നതിനു സഹായിച്ചു. ഭാഷയുടെ ഉത്പത്തി തൊഴിലിന്റെ അദ്ധ്വാനത്തിന്റെ പ്രക്രിയയുടെ സമാന്തര ഫലമാണ് എന്നതാണ് ശരിയായ കാഴ്ചപ്പാട്...ആദ്യം തൊഴിലും അതിനൊപ്പം സംസാര ഭാഷയും വളർന്നു..." (*The Part Played by Labor in the Transition from Ape to Man*).

സംഘടിത നായാട്ടിന്റെ ഭാഗമായി പുരുഷൻ കുറേശ്ശെ ഭാഷ വികസിപ്പിച്ചു എങ്കിലും കൃത്യമായ ഭാഷയുടെ വികാസം സ്ത്രീയുടെ അദ്ധ്വാനത്തിൽ നിന്നുണ്ടായതാണ്. Mason എഴുതുന്നത് പോലെ :

"വ്യാവസായിക കലയുടെ മുഴുവൻ ആശയങ്ങളും സദാ മനസ്സില് ഉണ്ടായിരുന്ന സ്ത്രീയെ തന്നെ ഭാഷ വികസിപ്പിച്ചതിന് ഉത്തരവാദി ആക്കണം. Dr. Brinton, ഒരു സ്വകാര്യ എഴുത്തിൽ പറയുന്നത് എന്തെന്നാൽ, "മിക്കവാറും ഉള്ള ആദിമഭാഷകളിൽ സ്ത്രീകൾക്ക് മാത്രമായി ഭാഷാ ആവിഷ്കരണങ്ങളുടെ ഒരു ശ്രേണി ഉണ്ടായിരുന്നു എന്ന് മാത്രമല്ല പല ഇടങ്ങളിലും സ്ത്രീകൾക്ക് മാത്രമായി പുരുഷന്റെതിൽ നിന്നും തികച്ചും വേറിട്ട ഒരു ഭാഷ നിലനില്ക്കുന്നതായും കാണാൻ കഴിയും.

ആദിമമനുഷ്യന് നായാട്ടിലും മീൻ പിടുത്തത്തിലും മറ്റും ഏർപ്പെട്ടെരിക്കുമ്പോൾ ഒറ്റയ്ക്കും നിശബ്ദമായും ഇരിക്കേണ്ടി വന്നിരുന്നു, അതിനാൽ അവരുടെ മൌനം ന്യായീകരിക്കപ്പെടുന്നു. പക്ഷേ സ്ത്രീകൾ ഒരുമിച്ച് ഭക്ഷണം കഴിക്കുകയും ദിവസം മുഴുവൻ സംസാരത്തിൽ ഏർപ്പെടുകയും ചെയ്യു. മുഖ്യധാരാ സംസ്കാരത്തിനു വെളിയിൽ ഇന്നും സ്ത്രീകളാണ് മികച്ച നിഘണ്ടുവും, എഴുത്തുകാരും, സംസാരിക്കുന്നവരും." (*Op. cit.*)

ഏറ്റവും മുഖ്യമായി അദ്ധ്വാനവും ഭാഷയും പ്രതിനിധീകരിച്ചത് മനുഷ്യന്റെ സംഘടിക്കുന്ന കഴിവുകളുടെ പിറവിയെ ആണ്. ഒട്ടുമിക്ക എല്ലാ മൃഗങ്ങളും പ്രകൃതി നിയമത്തിന് അനുശാസിതരായി സദാ തമ്മിൽ വ്യക്തിഗത മത്സര ബുദ്ധിയോടെ ജീവിക്കുന്നു. പക്ഷേ സ്ത്രീകൾ , തൊഴിലിലൂടെ പ്രകൃതിയുടെ ബന്ധങ്ങളെ മാറ്റി പുതിയ ഒരു ബന്ധം പ്രതിഷ്ഠിച്ചു. തൊഴിലിനായി ഉള്ള സംഘടിത രൂപത്തിന്റെ ബന്ധങ്ങൾ എന്നതായിരുന്നു അത്.

**"ഗാർഹികം" എന്ന സമൂഹം.**

ആദിമകാലത്ത് കുടുംബം എന്നത് വ്യക്തിഗതമെന്ന ആശയത്തിന് പകരം സംഘടിത സമൂഹം എന്ന ആശയമാണ് നിലനിന്നിരുന്നത്. ഇതിനെപ്പറ്റി Gordon Childe എഴുതുന്നു:

"നവശിലായുഗത്തിലെ പല കരകൌശല വസ്തുക്കളും ഗാർഹിക വ്യാവസായിക ഉത്പന്നങ്ങൾ ആയാണ് അവതരിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഈ കരകൌശല വിദ്യകളുടെ പാരമ്പര്യം വ്യക്തിഗതമായിരുന്നില്ല, സംഘടിത രൂപങ്ങളുടെ പാരമ്പര്യം ആയിരുന്നു. സമൂഹത്തിലെ എല്ലാ അംഗങ്ങളുടെയും അനുഭവവും വിജ്ഞാനവും സ്ഥിരമായി കൂട്ടിച്ചേർക്കപ്പെട്ടു. അത് തലമുറകൾക്ക് ഉദാഹരണവും വീക്ഷണവുമായി കൈമാറ്റം ചെയ്യപ്പെട്ടു. അമ്മ കളിമൺപാത്രങ്ങൾ നിർമ്മിക്കുന്നത് മകൾ കണ്ടുപഠിക്കുന്നു, അത്

അനുകരിക്കുന്നു, അമ്മയുടെ പക്കൽ നിന്നും വാക്കുകളിലൂടെ നിർദ്ദേശങ്ങളിലൂടെ മുന്നറിയിപ്പുകളിലൂടെ. നവശിലായുഗത്തിന്റെ പ്രയുക്ത ശാസ്ത്രം കൈമാറ്റം ചെയ്യപ്പെട്ടിരുന്നത് നാം ഇന്ന് അപ്രന്റീസ് എന്ന് വിളിക്കുന്ന രീതിയിൽ ആയിരുന്നു...

"ആധുനിക ആഫ്രിക്കൻ ഗ്രാമങ്ങളിൽ ഒരു വീട്ടമ്മ നിർമ്മാണത്തിനും പാത്രങ്ങൾ അഗ്നിയിൽ പാകപ്പെടുത്തി എടുക്കാനും പൂർണ്ണമായ  ഒരു ഒറ്റപ്പെടലിലെയ്ക്ക് ഒളിക്കുന്നില്ല. ഗ്രാമത്തിലെ എല്ലാ സ്ത്രീകളും ഒരുമിച്ച് അദ്ധ്വാനിക്കുന്നു, അകമഴിഞ്ഞ് പരസ്പരം സംസാരിക്കുന്നു, കുറിപ്പുകൾ കൈമാറുന്നു, പരസ്പരം സഹായിക്കുന്നു. തൊഴിൽ എന്നാൽ സ്വകാര്യമായ ഒന്നല്ല, അതിന്റെ നിയമങ്ങൾ സമൂഹത്തിന്റെ അനുഭവങ്ങളുടെ ഫലമാകുന്നു...നവശിലായുഗത്തിന്റെ സമ്പത്ഘടന പരസ്പര സഹകരണം ഇല്ലാതെ ഒരു പൂർണ്ണതയിൽ നിലനിൽക്കുമായിരുന്നില്ല." (*Man Makes Himself*)

അങ്ങനെ സ്ത്രീയുടെ അദ്ധ്വാനത്തിന്റെ ഏറ്റവും മൂല്യവത്തായ ഫലം സംഘടിത രൂപങ്ങൾക്ക് പിറവി കൊടുത്തു എന്നതാണ്. ജന്തുലോകത്തെ വ്യക്തിരിക്ത ബന്ധങ്ങളിൽ നിന്നും മനുഷ്യരാശിയെ മോചിപ്പിച്ച് കൂട്ടായ്മകളുടെ ജീവിതവും തൊഴിലും സമൂഹവും നൽകി  എന്നതും സ്ത്രീയുടെ അദ്ധ്വാനത്തിന്റെ സംഭാവനയാണ്. മനുഷ്യന്റെ ആദ്യത്തെ കീഴടക്കൽ സ്ത്രീയാണ് നടത്തിയത് – മൃഗത്തെ മനുഷ്യവത്കരിക്കലും സാമൂഹ്യവത്കരിക്കലും.

ഈ മഹത്തായ കർമ്മത്തിലൂടെ ആണ് സ്ത്രീകൾ ആദ്യകാല കർഷകരും തൊഴിലാളികളും ആയത്, ആദ്യത്തെ ശാസ്ത്രജ്ഞരും ഡോക്ടർമ്മാരും വാസ്തുശില്പ്പിയും എഞ്ചിനീയറും അദ്ധ്യാപകരും നെർസും, കലയും ചരിത്രവും സംസ്കാരവും സാമൂഹ്യ മൂല്യങ്ങളും പ്രചരിപ്പിക്കുന്നവരും ആയത്. അവർ നോക്കി നടത്തിയിരുന്ന ഗാർഹിക അന്തരീക്ഷങ്ങൾ വെറും അടുക്കളപ്പുറവും ഉന്നൽ ഇടങ്ങളും ആയിരുന്നില്ല, അത് ആദ്യത്തെ ഫാക്ടറികളും, ലാബോറട്ടറികളും, മെഡിക്കൽ സെന്റെറും സ്കൂളുകളും കൂടെ ആയിരുന്നു. അവരുടെ മാതൃസഹജമായ പ്രവർത്തികളിൽ നിന്നും ഉടലെടുത്ത സ്ത്രീയുടെ അധികാരവും ശക്തിയും, ഏറ്റവും മൂർദ്ധന്യ അവസ്ഥയിൽ എത്തിയത് സാമൂഹ്യപരമായി ഉപയോഗപ്രദമായ അദ്ധ്വാനത്തിലൂടെ ആയിരുന്നു.

### പുരുഷന്റെ വിമോചനം

നായാട്ട് ഒരു മുഴുവൻ നേര തൊഴിലായിരുന്നു എന്നതുകൊണ്ട് തന്നെ അത് പുരുഷന്മാരെ ഒരു പിന്നോക്ക നിലനിൽപ്പിലെയ്ക്ക് തള്ളിവിട്ടു. സമൂഹവുമായി കൂടുതൽ ഇടപഴകുന്നതിൽ നിന്നും ഉയർന്ന തരം ഉദ്യോഗങ്ങളിൽ ഏർപ്പെടുന്നതിൽ നിന്നും നായാട്ടിനു വേണ്ടിയുള്ള യാത്രകൾ പുരുഷനെ ദൂരം കൊണ്ടും ഒറ്റപ്പെടൽ കൊണ്ടും വിലക്കി.

പുരുഷന്റെ നായാട്ട് ജീവിതത്തിൽ നിന്നും അവർക്ക് വിടുതൽ കൊടുത്തത് സ്ത്രീകൾ കൃഷി തുടങ്ങിയതുകൊണ്ടും  മൃഗങ്ങളെ മെരുക്കുന്നത് വികസിപ്പിച്ചെടുത്തത് കൊണ്ടുമൊക്കെയാണ്. നായാട്ട് ആ കാലമായപ്പോൾ ഒരു വിനോദമായി മാറിക്കഴിഞ്ഞിരുന്നു, അതോടൊപ്പം പുരുഷന് സമൂഹത്തിലെ വ്യവസായിക ജീവിതത്തെ പറ്റിയും സാമൂഹിക ജീവിതത്തെ പറ്റിയും കൂടുതൽ പഠിക്കാനും അതിൽ പരിശീലനം നേടാനും സമയം ലഭിച്ചു. ഭക്ഷ്യ വിതരണത്തിന്റെ നിരക്ക് കൂടിയപ്പോൾ ജനപ്പെരുപ്പവും വർദ്ധിച്ചു. നായാടി അലഞ്ഞു നടന്നവരുടെ ക്യാമ്പുകൾ ചെറിയ ഗ്രാമങ്ങൾ ആയി രൂപാന്തരപ്പെട്ടു. പിന്നീടവ ചെറു നഗരങ്ങളും ആയി.

സ്വാഭാവികമായും പുരുഷന്മാരുടെ ആദ്യകാല തൊഴിൽ രീതികൾ സ്ത്രീകളുടെത് പോലെ തന്നെ അവിദഗ്ദ്ധമായത് ആയിരുന്നു. അവർ ഭൂമി നികത്തി സ്ത്രീകളെ കൃഷിയിൽ സഹായിച്ചു. മരങ്ങൾ മുറിച്ച് നിർമ്മാണങ്ങൾക്ക് തടി നിർമ്മിച്ചു. വളരെ പിന്നീടാണ് കൺസ്ട്രക്ഷൻ അവർ ഏറ്റെടുത്തു തുടങ്ങിയത്, അതോടൊപ്പം മെരുക്കിയെടുക്കുന്ന കന്നുകാലികളെ പോറ്റാനും തുടങ്ങി.
പക്ഷെ സ്ത്രീകളെപ്പോലെ പുരുഷന്മാർക്ക് ഈ തൊഴിലുകൾ അവയുടെ തുടക്ക ഭാഗം മുതല്ക്ക് ചെയ്യേണ്ടി വന്നിരുന്നില്ല. കുറച്ചു സമയം കൊണ്ട് തന്നെ അവർ ആയുധങ്ങൾ നിർമ്മിക്കുന്നതിലും സാങ്കേതിക വിദ്യകളിലും വൈദഗ്ധ്യം നേടി. കലപ്പയുടെയും കന്നുകാലികളുടെയും നിർമ്മിതിയോടെ കൃഷിയിൽ വൻ മുന്നേറ്റങ്ങൾ ഉണ്ടായി. ചരിത്രപരമായി പറഞ്ഞാൽ കാലത്തിന്റെ ഒരു ചെറിയ ഏടിൽ, പുരുഷന് നായാട്ടിൽ നിന്നും മോചനം ലഭിച്ചപ്പോൾ, തൊഴിൽ സ്ത്രീ പുരുഷ ദ്വന്ദങ്ങളുടെ ഇടയിൽ ഒരു പങ്കിടൽ എന്ന യാഥാർത്ഥ്യം ആയി നിന്നു. ഒരുമിച്ച് ചേർന്ന് സ്ത്രീയും പുരുഷനും ഭക്ഷ്യ ലഭ്യതയുടെ തോത് വര്ദ്ധിപ്പിച്ചു, സമൂഹത്തിലെ അംഗങ്ങളെ ഏകീകരിപ്പിച്ചു ഗ്രാമങ്ങൾ നിർമ്മിച്ചു.
ഭക്ഷണ ശേഖരണം എന്ന യുഗവും ഭക്ഷണ നിർമ്മാണം എന്ന യുഗവും തമ്മിലുള്ള അതിർവരമ്പ് അടയാളപ്പെടുത്തുന്നത് സ്ത്രീകൾ കൊണ്ടുവന്ന കാർഷിക വിപ്ലവം ആണ്. അതേ നാണയത്തിൽ തന്നെ അത് അപരിഷ്കൃതത്വത്തിന്റെയും നാഗരികതയുടെയും അതിരുകൾ അടയാളപ്പെടുത്തുന്നു. അതിലും ഉപരി പുതിയൊരു സാമൂഹ്യ വ്യവസ്ഥിതിയും സാമ്പത്തിക സാമൂഹിക നേതൃത്വ വേഷങ്ങളിലെ ലിംഗ പരിവർത്തനവും ഇതടയാളപ്പെടുത്തുന്നു.
കുമിഞ്ഞുകൂടുന്ന ജനസംഖ്യയുടെ പരിണിതഫലമായി ഉണ്ടായ ഭക്ഷണ സുലഭ്യതയുടെ ആരംഭത്തിൽ പുതിയ അവസ്ഥകളുണ്ടാവുകയും അവ പുതിയ നിർമ്മാണ ശക്തികളേയും പുതിയ നിർമ്മാണ ബന്ധങ്ങളേയും സൃഷ്ടിക്കുകയും ചെയ്തു. ലിംഗസംബന്ധമായ പഴയ തൊഴിലടിസ്ഥാന രൂപങ്ങൾ മാറി പുതിയ രൂപങ്ങളിൽ തൊഴിലിനെ ഭാഗം വയ്ക്കാൻ തുടങ്ങി. കർഷക തൊഴിൽ നാഗരിക നിർമ്മാണ മേഖലയിലെ തൊഴിലിൽ നിന്നും വേർതിരിക്കപ്പെട്ടു, skilled ഉം unskilled ഉം ആയി തൊഴിലുകൾ തരംതിരിക്കപ്പെട്ടു. സ്ത്രീകളുടെ അദ്ധ്വാനം ക്രമേണ പുരുഷന്മാർ കൈയ്യേറി. ഉദാഹരണത്തിന് കുശവന്റെ ചക്രം, കളിമൺ വസ്തു നിർമ്മാണം സ്ത്രീകളിൽ നിന്നും പുരുഷ വിദഗ്ദ്ധന്മാർ ഏറ്റെടുത്തു. Childe എഴുതുന്നു:
“മാനവവംശശാസ്ത്രം വെളിവാക്കുന്നത് കുശവന്റെ ചക്രം ഉപയോഗിക്കുന്നവരിൽ അധികവും പുരുഷ വിദഗ്ദ്ധന്മാർ ആണ്, സ്ത്രീകൾ ആയിരുന്നതിൽ നിന്നും മാറി. സ്ത്രീകൾക്ക് കളിമൺപാത്ര നിർമ്മാണം പാചകമോ നൂൽനൂൽക്കലൊ പോലെ വീട്ടുജോലി മാത്രമായിരുന്നു.” (*What Happened in History*)

സ്ത്രീകൾ കണ്ടുപിടിച്ച അടുപ്പുകളും ചൂളകളും പുരുഷന്മാർ കൈയ്യേറി, കൊല്ലന്റെ ആലയും ഉലയും ആക്കി മാറ്റി. അവിടെ ലോഹങ്ങളെ രൂപാന്തരപ്പെടുത്താൻ തുടങ്ങി: കോപ്പറും സ്വർണ്ണവും ഇരുമ്പും. ലോഹ യുഗമാണ് പുരുഷന്റെ വിശിഷ്ടകാലത്ത്തിന്റെ തുടക്കം. ഇന്ന് കാണുന്ന ഏറ്റവും സാധാരണമായ നാമം മിസ്റ്റർ സ്മിത്ത് എന്നത് അവിടെ നിന്ന് തുടങ്ങിയതാണ്.
പുരുഷന്റെ സ്വാതന്ത്ര്യങ്ങൾക്ക് വഴിവെച്ച അതേ സംഭവവികാസങ്ങൾ ആണ് മാതൃദായകക്രമം ഇല്ലാതാക്കിയതും സ്ത്രീയുടെ അടിമത്തത്തിന് വഴിവെച്ചതും. പൊതുനിർമ്മാണം പുരുഷന്റെ കൈകളിൽ എത്തിയതോടെ സ്ത്രീകൾ നിർമ്മാണാത്മകമായ ജീവിത രീതിയിൽ നിന്നും പറിച്ച് എറിയപ്പെട്ടു, അവരുടെ ജൈവീകമായ പ്രവർത്തി, മാതൃത്വം എന്നതിലെയ്ക്ക് ഒതുക്കപ്പെട്ടു. സമൂഹം പുരുഷൻ അടക്കിവയ്ക്കുകയും അവന്റെ താത്പര്യങ്ങൾക്ക് അനുസരിച്ച് പുതിയ വ്യവസ്ഥിതികൾ നടപ്പിലാക്കുകയും ചെയ്തു. മാതൃദായകക്രമ സമൂഹത്തിന്റെ അവശിഷ്ടങ്ങളുടെ മേൽ വർഗ്ഗ സമൂഹം കെട്ടിപ്പടുക്കപ്പെട്ടു.

ഈ രേഖകളിൽ നിന്നും സ്ത്രീയും പുരുഷനും ഒരു പോലെ സമൂഹം വളര്ന്നു വന്നതിനു കാരണം ആയിരുന്നു എന്ന് വ്യക്തമാണ്. പക്ഷേ അവരുടെ സംഭാവനകൾ ഒരേ സമയത്തോ ഒരേ അളവിലോ ആയിരുന്നില്ല. ലിംഗാധിഷ്ഠിത കർത്തവ്യങ്ങൾ വളർന്നു വന്നത് അസമത്വങ്ങളുടെ മേലാണ്. ഇത് സമൂഹത്തിൽ മുഴുവനായി വളർന്നു വന്ന അസമത്വത്തിന്റെ ഭാവാവിഷ്കാരവും ആണ്.

സാമൂഹ്യ വളർച്ചയുടെ ആദ്യ ഘട്ടങ്ങളിൽ സ്ത്രീകളാണ് മനുഷ്യരാശിയെ ജന്തുസമൂഹത്തിൽ നിന്നും പിടിച്ചുയര്ത്തിയത്. ആദ്യപടികൾ ഏറ്റവും ബുദ്ധിമുട്ടുകൾ ഉള്ളതായതുകൊണ്ട് നമ്മുക്ക് സ്ത്രീകളുടെ സംഭാവനകൾ നിർണ്ണായകമായതായി മാത്രമേ കണക്കാക്കാൻ കഴിയൂ. സാംസ്കാരിക ബൌദ്ധിക നിർമ്മാണ മേഖലകളിൽ സ്ത്രീകളുടെ സംഭാവനകൾ തന്നെയാണ് നാഗരികത സാധ്യമാക്കിയത്. ഇത്തരം ഒരു അടിത്തറ പണിയാൻ ആയിരക്കണക്കിന് കൊല്ലങ്ങൾ വേണ്ടി വന്നു  എങ്കിലും, സ്ത്രീകൾ ഇത്രയും കൃത്യമായും ശക്തമായും പാകിയ അടിത്തറയുടെ പരിണിത ഫലമാണ് നാഗരികതയും പുരോഗമനവും ഇന്ന് കാണുന്ന ഭാവത്തിൽ എത്താൻ നാലായിരം കൊല്ലങ്ങൾക്കും താഴയേ സമയമെടുത്തുള്ളൂ എന്നത്. അതുകൊണ്ട് പുരുഷാധിപത്യത്തെ കുറിച്ച് യഥാർത്ഥ ചരിത്രത്തിനു വെളിയിൽ നിന്നുകൊണ്ടൊരു സംവാദം സാധ്യമല്ല.

ചരിത്രത്തിൻറെ ഗതിയിൽ ഒരു വലിയ തിരിമറി സംഭവിച്ചിട്ടുണ്ട്, ലിംഗാധിഷ്ഠിത മേൽക്കോയ്മകളുടെ കാര്യത്തിൽ. പ്രകൃത്യാൽ സംഭാവന ചെയ്ത പ്രതാപത്തോടെ ആദ്യം സ്ത്രീയ്ക്കായിരുന്നു ഉയർന്ന സ്ഥാനം.
വൈകാരികമായോ മുന്വിധിയോടെയോ നടത്തുന്ന ഏകപക്ഷീയമായ വിധിപറച്ചിലുകളുടെ പോരായ്മകൾ ഒഴിവാക്കാൻ ചരിത്രത്തിലെ വസ്തുതകൾ മനസ്സിലാക്കണം എന്നത് അത്യാവശ്യമാണ്. ഈ വസ്തുതകൾ മനസ്സിലാക്കുക എന്നത് സ്ത്രീ പുരുഷനെ അപേക്ഷിച്ച് പ്രകൃത്യാ താണതരമാണ് എന്ന അന്ധവിശ്വാസത്തെ പൊട്ടിത്തെറിപ്പിച്ചു കളയൽ ആണ്.

**Evelyn Reed Archive**

To volunteer for the MIA, Email our Admin Committee
Last updated on: 15 April 2009